# കലാവിദ്യാഭ്യാസം

## പഠനപിന്തുണസഹായി

സ്റ്റാൻഡേർഡ് 9



hasna.8.f-kmgvhss.tavanur

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019



nayana.p 8.c kmgvhss.tavanur

## സ്റ്റാൻഡേർഡ് 9



# കലാവിദ്യാഭ്യാസം

## പഠനപിന്തുണസഹായി

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2019
Printed at :



പ്രിയപ്പെട്ട കുട്ടികളേ

കേരളത്തിലെ വിദ്യാഭ്യാസചരിത്രത്തിൽ ആദ്യമായാണ് കുട്ടികൾക്കു വേണ്ടിയുള്ള കലാവിദ്യാഭ്യാസത്തിന്റെ പഠനപിന്തുണസഹായി പുറത്തിറങ്ങുന്നത്. നല്ല മനുഷരെ നിർമ്മിക്കുന്നതിൽ ഒരിക്കലും ഒഴിച്ചുനിർത്താൻ ആവാത്തതാണ് കലാപഠനം. അതുകൊണ്ടുതന്നെ കലാവിദ്യാഭ്യാസം കോർ വിഷയമായി മാറുകയാണ്. പരസ്പരം അംഗീകരിക്കാനും ബഹുമാനിക്കാനും ഉൾക്കൊള്ളാനും തിരിച്ചറിയാനും കഴിഞ്ഞാൽ കാലുഷ്യരഹിതമായ ഒരു സമൂഹത്തെ നിർമ്മിക്കാനാവും. ഇതിന് കലാവിദ്യാഭ്യാസം ശക്തിപ്പെടേണ്ടിയിരിക്കുന്നു. കുട്ടികളുടെ തനതായ കലയെ പരിപോഷിപ്പിക്കുന്നതിലൂടെ നമുക്ക് നല്ലൊരുസമൂഹത്തെ വാർത്തെടുക്കാനാവും. അതിനു കഴിയുന്ന വിധത്തിലാണ് ഈ പഠനപിന്തുണസഹായി തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടുകാരുടെയും അനുഭവങ്ങൾ ഉപയോഗിച്ച് ഇതിലെ പ്രവർത്തനങ്ങൾ ചെയ്യാനും സർഗ്ഗാത്മകതയുള്ള നല്ല മനുഷ്യരായി മാറാനും ശ്രദ്ധിക്കുമല്ലോ.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

## പാഠപുസ്തക ശിൽപശാല അംഗങ്ങൾ

**വിദഗ്ധർ**

**സാജു തുരുത്തിൽ**
അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃത സർവകലാശാല, കാലടി. (സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മറ്റി അംഗം)

**ഡോ. സുനിൽ വി. ടി**
അസോസിയേറ്റ് പ്രൊഫസർ, സ്വാതിതിരുനാൾ സംഗീതകോളജ്, തിരുവനന്തപുരം.

**ജി. സ്റ്റാലിൻ**
സീനിയർ ലക്ചറർ (റിട്ട), ഡയറ്റ് പത്തനംതിട്ട.

**പങ്കാളികൾ**

**ഗോപു പട്ടിത്തറ**
കെ.എം.ജി വി.എച്ച്.എസ്എസ് തവനൂർ. മലപ്പുറം

**ശ്രീധരൻ ടി. പി**
ആർ.വി.എച്ച്.എസ്.എസ് ചൊക്ലി, കണ്ണൂർ.

**എൻ. ടി. രാജീവ്**
ജിഎച്ച്എസ്എസ്.തരിയോട്, വയനാട്.

**ശ്രീനിവാസൻ. പി. ജി**
എച്ച്എസ്എസ്.വല്ലപ്പുഴ, പാലക്കാട്.

**ജ്യോതിചന്ദ്രൻ**
ജി.വി.എച്ച്.എസ്.എസ്.കാറടുക്ക, കാസർഗോഡ്.

**റാണിസുഷമ**
എസ്.ഡി.വി.എച്ച്.എസ് ആലപ്പുഴ.

**ബഷീർ ചിത്രകൂടം**
എം.യു.എച്ച്.എസ്.എസ്.ഊരകം, മലപ്പുറം.

**എം. കെ. പൗലോസ്**
ജി.ജി.എച്ച്.എസ്.എസ്.പെരുമ്പാവൂർ, എറണാകുളം.

**വീണാചന്ദ്രൻ**
വി.വി.എച്ച്.എസ്.എസ് താമരക്കുളം, ആലപ്പുഴ.

**രാഗം അനൂപ്**
ഡാൻസ്ടീച്ചർ, പത്തനംതിട്ട.

**ലക്ഷ്മി. എസ്. മേനോൻ**
സെന്റ് ജോസഫ് സി.ജി.എച്ച്.എസ്.കാഞ്ഞൂർ, കാലടി, എറണാകുളം.

**നരേന്ദ്രബാബു**
ജിഎംആർ.എച്ച് .എസ്.എസ്.ഫോർ ബോയ്സ്.വെള്ളരൂവൽ. കാസർഗോഡ്.

**രാജേഷ്**
സെന്റ് ജോസഫ് എച്ച്.എസ്.എസ്.പൈങ്ങാട്ടൂർ, എറണാകുളം.

**അജിത് കുമാർ**
എസ്.എൻ.എച്ച്.എസ്.എസ്.ഒക്കൽ. എറണാകുളം.

**രൂപകല്പന**
ഗോപു പട്ടിത്തറ, ശ്രീധരൻ.ടി.പി, ബഷീർ ചിത്രകൂടം

**പ്രൂഫ് വായന**

**പി.എസ്.മനോജ്**
എച്ച്.എസ്.എ മലയാളം.ഗവ.എച്ച്.എസ്.എസ് വിതുര

**ശ്രീകണ്ഠൻ നായർ.പി**
എച്ച്.എസ്.എ മലയാളം (റിട്ട)

**അക്കാദമിക് കോർഡിനേറ്റർ**

**ഡോ. അജീഷ്. പി. ടി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി കേരളം

# ഉള്ളടക്കം



joan miro - sun eater

**ചിത്രകല**


യൂണിറ്റ് - 1 കണ്ടതിനുമപ്പുറത്തേക്ക്... 7

യൂണിറ്റ് - 2 തെരുവിൽ നിന്നും പറന്നുയർന്നവർ 35

യൂണിറ്റ് - 3 വായിക്കുന്ന പെൺകുട്ടി 44


**സംഗീതം**


യൂണിറ്റ് - 1 ഭാവസുന്ദരം ഭാരതീയ സംഗീതം 52

യൂണിറ്റ് - 2 വാദ്യമേളം 58

യൂണിറ്റ് - 3 പാടി രസിക്കാം പിന്നണിയോടൊപ്പം 63


**നൃത്തം**



യൂണിറ്റ് - 1 രസാഭിനയം 69


**നാടകം**


യൂണിറ്റ് - 1 അറിയാം ആവിഷ്കരിക്കാം... 74

# ചിത്രകല





Rene Magritte - The Pilgrim

യൂണിറ്റ്

# 1

## കണ്ടതിനുമപ്പുറത്തേക്ക്

ഓരോ കാഴ്ചയിലും കാണാതെ ബാക്കിവയ്ക്കപ്പെടുന്ന ചില ദൃശ്യങ്ങളുണ്ട്.
ഈ ദൃശ്യങ്ങളുടെ കണ്ടെടുപ്പിലൂടെയാണ് കാഴ്ചയുടെ സൗന്ദര്യം പൂർണമാകുന്നത്.
കാഴ്ചയുടെ പൂർണതയാണ് അതിനുമപ്പുറത്തേക്ക് കടക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.
ഈ തേടലാണ് സർഗാത്മക സൃഷ്ടിയുടെ അടിസ്ഥാനം.
കാണാം, പഠിക്കാം, അതിനുമപ്പുറത്തേക്ക് സ്വപ്നം കാണാം.

ഇവിടെ ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കൂ....

ഇത് എന്റെ സ്വന്തം പഠന പിന്തുണ സഹായി

പേര് :

ക്ലാസ് :

സ്കൂൾ :

യൂണിറ്റ് I

# നിശ്ചലതയുടെ നിറക്കാഴ്ച







shamil 9.f. kmgvhss.tavanur

ചേച്ചി... പൊളിച്ചു...
നിങ്ങളൊരു സംഭവം തന്നെ ട്ടോ..
മൊബൈൽഫോണിൽ ചേച്ചി
പകർത്തിയ ഫോട്ടോ
കണ്ടുകൊണ്ടിരുന്ന ആദി ഒട്ടും
അസൂയയില്ലാതെ പറഞ്ഞു.
അടുത്ത ഫോട്ടോ അവനെ
ശരിക്കും ഞെട്ടിച്ചുകളഞ്ഞു.
താൻ ഉപേക്ഷിച്ച, തനിക്ക് ഏറെ
ഇഷ്ടമുണ്ടായിരുന്ന റോസ്
സ്ട്രാപ്പുള്ള ചെരുപ്പ് പച്ച പുല്ലിൽ
മലർന്നു കിടക്കുന്നു.
തൊട്ടടുത്തായി ചുവപ്പു നിറമുള്ള
ഒരു ഇലയും, ചുവപ്പും വെള്ളയും
നിറമുള്ള രണ്ടു പൂവിതളുകളും...
എല്ലാം ചേർന്നപ്പോൾ
അതിമനോഹരമായ ഒരു ചിത്രമായി
മാറിയിരിക്കുന്നു.

ആദി കണ്ട ഈദൃശ്യം വരക്കൂ...



ചിത്രം നോക്കൂ. വസ്തു ഉരുണ്ടതായി തോന്നുന്നതിന്
നിറങ്ങൾ കൊടുക്കുന്ന രീതി മനസ്സിലാക്കൂ...

'jar and fruit' - paul cezanne - oil on canvas - detail

ജീവനില്ലാത്ത വസ്തുക്കളെ വരച്ചുംഇതുപോലെ

മനോഹരമായ ചിത്രം ഉണ്ടാക്കിക്കൂടെ...

ലോകപ്രശസ്ത ചിത്രകാരനായ



വിൻസെന്റ് വാൻഗോഗിന്റെ പെയിന്റിങ് ആണിത്.

## ഉപേക്ഷിക്കപ്പെട്ടതിന്റെ സൗന്ദര്യം

കുറേക്കാലം വളരെ ഇഷ്ടത്തോടെ ഉപയോഗിക്കുകയും പിന്നീട് ഉപേക്ഷിച്ചതുമായ ചില വസ്തുക്കളെ കാണുമ്പോൾ നമുക്ക് വല്ലാത്തൊരു ഇഷ്ടം തോന്നാറില്ലേ.
പഴയ ചെരുപ്പുകൾ, കസേരകൾ, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ...
ഇങ്ങനെ എന്തെല്ലാമാണ് വീട്ടിലും വരുന്ന വഴിയിലും സ്കൂളിലുമെല്ലാം ചിതറിക്കിടക്കുന്നത്.

വരയ്ക്കുമ്പോൾ
പശ്ചാത്തലത്തിൽ ഉചിതമായ ചില രൂപങ്ങൾ കൂട്ടിച്ചേർത്താൽ
ചിത്രം മനോഹരമാകും. പ്രധാന രൂപം വലുതാക്കി വരയ്ക്കാം.

ഉപേക്ഷിക്കപ്പെട്ട ഒരു വസ്തുവിനെ മനോഹരമായ ഒരു ചിത്രമാക്കി മാറ്റാൻ നമുക്കും കഴിയും.
**ഇവിടെ വരച്ചു നോക്കൂ.**

12






പാബ്ലോ പികാസോയുടെ സ്റ്റിൽലൈഫ് പെയിന്റിംഗുകൾ

നിങ്ങൾ വരച്ച വസ്തുവിന് ജീവനുണ്ടെന്ന് സങ്കല്പിച്ചുനോക്കൂ.
അങ്ങനെയാണെങ്കിൽ ആ വസ്തു നിങ്ങൾ വരച്ച ചിത്രം കണ്ട് എന്താവും പറഞ്ഞിട്ടുണ്ടാവുക.
ഇവിടെ എഴുതി നോക്കൂ.

## കണ്ടെടുത്ത സൗന്ദര്യം

വീട്ടിലെത്തി ഉപേക്ഷിക്കപ്പെട്ട ഏതെങ്കിലുമൊരു വസ്തുവിനെ കണ്ടെത്തൂ. പഴയ ചെരുപ്പുകൾ, പാത്രങ്ങൾ, കസേരകൾ.. എന്തുമാവാം. അവ നിരീക്ഷിച്ച് ഇതിനെ കറുപ്പുനിറം ഉപയോഗിച്ച് എ ഫോർ പേപ്പറിൽ വലുതാക്കി വരയ്ക്കൂ. പശ്ചാത്തലത്തിൽ ഉചിതമായ രൂപം കൂട്ടിച്ചേർത്തു ക്ലാസിൽ പ്രദർശിപ്പിക്കൂ.

Cezanne



Still Life with Carafe Milk Can, Bowl and Orange - 1879-80

Pablo Picasso



still life with the coffee pot 1944

Giorgio Morandi



Natura Morta Three 1952








പഴയ പാത്രം, പഴയ പുസ്തകം,

ഈ ചിത്രങ്ങൾ കാണുമ്പോൾ നിശ്ചല ദൃശ്യങ്ങളുടെ
ഒരു പെയിന്റിങ് ചെയ്യാൻ തോന്നുന്നില്ലേ?.

അങ്ങനെയെങ്കിൽ ക്ലാസിൽ ടീച്ചർ ഒരുക്കി വെച്ച മോഡലിനെ നന്നായി നിരീക്ഷിക്കൂ.
അതിനെവരയ്ക്കൂ. ഇഷ്ടമുള്ള നിറം നൽകൂ. പെയിന്റിംഗ് പൂർത്തിയാക്കൂ.

പൂർത്തിയാക്കിയവ വൃത്തിയിൽ മൗണ്ട്ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കൂ.
ചിത്രങ്ങൾ കണ്ട് ഏറ്റവും ഇഷ്ടപ്പെട്ടചിത്രത്തെ വിലയിരുത്തി
ഇവിടെ എഴുതൂ.

- 
- 
- 
- 
- 
- 



'still life with fruit and peppers' - paul gauguin - oil on canvas -1892





# ഹെൻട്രി മറ്റീസ്

Henri Matisse



1869 - 1954

ഹെൻട്രി മറ്റീസ് (Henri Matisse) 1869ൽ ഫ്രാൻസിൽ ജനിച്ചു. ചിത്രകാരനെന്ന നിലയിൽ പ്രശസ്തനായ അദ്ദേഹം പ്രിന്റ് മേക്കർ, ശില്പി എന്ന നിലയിലും തൻറെ കഴിവ് തെളിയിച്ച പ്രതിഭയായിരുന്നു. എക്സ്പ്രഷനിസം പോസ്റ്റ് ഇംപ്രഷനിസം ഫോവിസം, അബ്സ്ട്രാക്റ്റ് എക്സ്പ്രഷനിസം എന്നീ ചിത്രകലാസങ്കേതങ്ങളിലൂടെ എല്ലാം അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. രേഖകളും കടുത്തവർണങ്ങളും സമർഥമായി ഉപയോഗിച്ച അപൂർവംചിത്രകാരിൽ ഒരാളായിരുന്നു ഹെൻട്രി മറ്റീസ്.1984ൽ ഈ അത്ഭുതപ്രതിഭ നമ്മെ വിട്ടുപോയി.







'Still Life with Apples' - oil on canvas - 1894

1839-1906


PAUL CEZANNE



**പോൾ സെസാൻ**

## പോൾ സെസാൻ


1839 ജനവരി 19 ന് ഫ്രാൻസിലെ അലക്സ് എം പ്രോവൻസിൽ ജനിച്ചു. ആധുനിക ചിത്രകലയുടെ പിതാവ് എന്നാണ് പോൾ സെസാൻ അറിയപ്പെടുന്നത്. സ്റ്റിൽ ലൈഫ്, ലാൻഡ്സ്കേപ്പ്, പോർട്രെയിറ്റ് തുടങ്ങി സെസാൻ കൈവയ്ക്കാത്ത മേഖലകളില്ല. ശക്തമായ രേഖകളും ബ്രഷ്സ്ട്രോക്കുകളും സെസാൻ പെയിന്റിംഗുകളുടെ പ്രത്യേകതയാണ്. പോസ്റ്റ് ഇംപ്രഷനിസ്റ്റ് ശൈലിയിലാണ് ഇദ്ദേഹം ചിത്രം വരച്ചിരുന്നത്. പോൾസെസാൻ, വിൻസന്റ് വാൻഗോഗ്, പോൾഗോഗിൻ എന്നിവരാണ് പോസ്റ്റ് ഇംപ്രഷനിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. മെൽറ്റിംഗ് സ്നോ, ദ് കാർഡ് പ്ലെയേഴ്സ്, ദ ബാത്തേഴ്സ്, സ്റ്റിൽ ലൈഫ് വിത് ആപ്പിൾസ് എന്നിവയാണ് പ്രധാന ചിത്രങ്ങൾ.1906 ഒക്ടോബർ 22ന് അറുപത്തിയേഴാം വയസ്സിൽ ഈ മഹാപ്രതിഭ നമ്മെ വിട്ടുപിരിഞ്ഞു.





# ജോർജിയോ മൊറാണ്ടി

1890 ജൂലൈ 20ന് ഇറ്റലിയിലെ ബൊളോഗനയിൽ ആണ് ജോർജിയോ മൊറാണ്ടി (Giorgio Morandi) ജനിച്ചത്. പോൾ സെസാൻ, പിക്കാസോ എന്നിവരുടെ ചിത്രങ്ങൾ മൊറാണ്ടിയെ ഏറെ സ്വാധീനിച്ചിരുന്നു. സ്റ്റിൽ ലൈഫ് പെയിൻറിങ്ങുകൾ തന്നെയാണ് അദ്ദേഹം ഏറെ ചെയ്തിട്ടുള്ളത്. മെറ്റാഫിസിക്കൽ സ്റ്റിൽലൈഫ്, നാച്ചുറ മോർട്ട, സ്റ്റിൽ ലൈഫ് (വെയ്സസ് ആന്റ് ബോട്ടിൽസ് ) എന്നിവയാണ് പ്രധാന ചിത്രങ്ങൾ. 1964 ജൂൺ 18ന് ബൊളോഗനയിൽ വെച്ച് അന്തരിച്ചു.




ജോർജിയോ മൊറാണ്ടി



Giorgio Morandi

1890 - 1964

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |


| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :.............................................................................................................................

.............................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



krishnaja .10.e.kmgvhss.tavanur

## യൂണിറ്റ് 3

# ഓർമ്മ നിറയ്ക്കും ഛായാചിത്രങ്ങൾ

സ്കൂളിൽ നിന്നും പോയ പഠനയാത്രയ്ക്കിടയിലാണ് ആർട്ട്ഗ്യാലറിയിൽ ആമിന ഛായാചിത്രങ്ങൾ കണ്ടത്. എല്ലാ ചിത്രങ്ങൾക്കും ജീവനുള്ളപോലെ. ചിത്രങ്ങൾ അവളിൽ അമ്പരപ്പും ആകാംക്ഷയും ഒപ്പം ചില സംശയങ്ങളും ഉളവാക്കി. എന്തിനാവാം ജീവനുള്ളപോലെ ഈ ചിത്രങ്ങൾ വരച്ചിട്ടുണ്ടാവുക?.നീനച്ചേച്ചിക്കറിയുമായിരിക്കും, വീട്ടിലെത്തട്ടെ .. ചേച്ചിയുമായി ചർച്ച ചെയ്യാം.

നീനച്ചേച്ചി അവളെ ചേർത്തിരുത്തി തന്റെ ലാപ്ടോപ് തുറന്നു ലഭ്യമായ പഴയകാലം മുതലുള്ള ചില ഛായാചിത്ര മാതൃകകൾ കാണിച്ച്, ഓരോ കാലഘട്ടത്തിന്റെ രീതിയും, മാറ്റങ്ങളും ശൈലികളും അവൾക്ക് പറഞ്ഞുകൊടുത്തു. ഇതിൽ ആമിന കണ്ട ജീവൻ തുടിക്കുന്ന ചിത്രങ്ങൾ മുതൽ ചിത്രകലയുടെ കുലപതിയായ പിക്കാസോ വരച്ച ചിത്രങ്ങൾ വരെയുണ്ടായിരുന്നു. ഇവ മുഴുവൻ കണ്ടപ്പോൾ ആമിനക്കൊരു സംശയം, ഇവയെല്ലാം മോഡലിനെ നിർത്തി തന്നെയാണോ വരച്ചിട്ടുണ്ടാവുക. തീർച്ചയായും... നിങ്ങൾക്കും ഇതേപോലെ ഛായാചിത്രങ്ങൾ ചെയ്യാൻ കഴിയും.ആദ്യം തന്നെ മുഖച്ഛായ കൊണ്ടുവരാൻ കഴിയണമെന്നില്ല. സ്ഥിരമായ പരിശീലനത്തിലൂടെ മനുഷ്യരുടെ ഛായയും ഭാവവും കൊണ്ടുവരാൻ സാധിക്കും.

നീനച്ചേച്ചി പകർന്നആത്മവിശ്വാസത്തോടെയാണ് അവൾ അന്ന് ക്ലാസ്സിലെത്തിയത്.



sona.k.10.e.kmgvhss.tavanur

## നോക്കി വരയ്ക്കാം ഒറ്റ നിറത്തിൽ





ടീച്ചർ അന്ന് ക്ലാസിൽ കാണിച്ച ചിത്രങ്ങളിൽ റംബ്രാൻഡ്, ഹാൾസ്, വാൻഗോഗ്, പിക്കാസോ തുടങ്ങിയവർ വരച്ച് ഒട്ടേറെ ഛായാചിത്രങ്ങൾ ഉണ്ടായിരുന്നു.

ചേച്ചിയുമായുള്ള ചർച്ചക്ക് ശേഷം എന്തുകൊണ്ടോ ആമിനയ്ക്കു വാൻഗോഗിന്റെയും പിക്കാസോയുടെയും ചിത്രത്തോട് എന്തെന്നില്ലാത്ത ഒരു ഇഷ്ടം തോന്നിത്തുടങ്ങിയിരുന്നു.ചിത്രങ്ങളെല്ലാം നിരീക്ഷിച്ചുവല്ലോ. ഇനിയൊരു ഛായാചിത്രം വരയ്ക്കാം. ആരാണ് മോഡലായി നിൽക്കുക.

ഒന്ന് രണ്ടു കൂട്ടുകാർ എഴുന്നേറ്റു.

ആമിന പറഞ്ഞു അല്ല ടീച്ചറേ,

അപ്പോൾ അവർക്ക് വരയ്ക്കാൻ കഴിയില്ലല്ലോ,

അതു ശരിയാ, എങ്കിൽ ഞാൻ തന്നെയാവാം മോഡൽ, എന്നെ വരച്ചോളൂ....

ടീച്ചറെ സസൂക്ഷ്മം നിരീക്ഷിച്ച് പതുക്കെ വരച്ചുതുടങ്ങി. ആദ്യം കുറച്ച് അങ്കലാപ്പുണ്ടായി.

നിരീക്ഷണം

നീണ്ട മുഖം, സാധാരണയിലും വലിപ്പമുള്ള ചെവികൾ, കുഞ്ഞു മൂക്ക്, വീതിയുള്ള നെറ്റിത്തടം. ഇറുകിയ കണ്ണുകൾ, കട്ടികൂടിയ പുരികം, അലക്ഷ്യമായി കിടക്കുന്ന മുടിയിഴകൾ, കഴുത്ത് നീളം കുറവാണെങ്കിലും തടി കൂടിയതാണ് .താരതമ്യേന മെലിഞ്ഞ ശരീരം.






നിങ്ങളും നിങ്ങളുടെ ടീച്ചറെ മോഡലാക്കി ഒരു പൂർണകായഛായാചിത്രം തയ്യാറാക്കൂ. ബ്രഷ് കൊണ്ട് കറുപ്പ് നിറം മാത്രം ഉപയോഗിച്ച് വരയ്ക്കൂ. വെളിച്ചം പതിക്കുന്ന ഭാഗങ്ങളിൽ കറുപ്പ് നിറം നേർപ്പിച്ച് കൊടുത്തുനോക്കൂ. വരച്ച ചിത്രം പ്രദർശിപ്പിക്കൂ. എല്ലാവരും കാണട്ടെ. യൂണിറ്റിന്റെ അവസാനത്തിൽ നൽകിയിട്ടുള്ള സ്കോർ ഷീറ്റിൽ ഓരോരുത്തരുടെയും പേരിനു നേരെ സ്കോർ നൽകൂ. നിങ്ങളുടെ ചിത്രത്തിനും സ്കോർ നൽകണം.


## നിറമുള്ള ഓർമകൾ

പൂർണ്ണകായ ചിത്രം വരച്ചപ്പോൾ എന്തുതോന്നി?. പേടിയെല്ലാം പോയല്ലോ.ഒരു എ3 പേപ്പറിൽ വീട്ടിലെ ഒരാളെ മോഡലാക്കി നിർത്തി ബ്രഷ് കൊണ്ട് വരച്ച് നിറം നൽകണം.ആളുടെ മുഖച്ഛായയും ഭാവവും കൊണ്ടുവരാൻ ശ്രമിക്കണം. വീട്ടിലെ ഏതെങ്കിലും ഒരു ജീവിയെ ചിത്രത്തിന്റെ ഭാഗമാക്കാം. കസേരയിലോ വീടിന്റെ തിണ്ണയിലോ ഇരിക്കുന്ന വിധത്തിലുള്ള ചിത്രമാണ് വരയ്ക്കേണ്ടത്. നിറം നൽകാൻ പരിപൂർണ്ണ സ്വാതന്ത്ര്യം ഉപയോഗിക്കാം.

## വരയ്ക്കാം നിറമില്ലാതെ.

ഒരു പേപ്പറിൽ കസേരയിലിരിക്കുന്ന ഒരാളുടെ ചിത്രം പെൻസിൽകൊണ്ട് നിറം കുറച്ച് വരക്കൂ. നിറങ്ങൾക്ക് പകരം പാഴ്തുണിക്കഷണങ്ങൾ ഒട്ടിച്ച് ചിത്രം പൂർത്തിയാക്കൂ. രണ്ടു ചിത്രവും സ്കൂളിൽ പ്രദർശിപ്പിച്ച ശേഷം ക്ലാസിലെ എല്ലാചിത്രങ്ങളും ചേർത്ത് പുസ്തകമാക്കൂ. നല്ല കവർ ചിത്രവും തയ്യാറാക്കൂ.

# പാബ്ലോ പിക്കാസോ



PABLO PICASSO

1881 – 1973




ഇരുപതാം നൂറ്റാണ്ടിന്റെ ചിത്രകാരൻ എന്നറിയപ്പെടുന്ന പാബ്ലോ പിക്കാസോ 1881- ൽ സ്പെയിനിൽ ജനിച്ചു.
ഇരുപതിനായിരത്തിലധികം പെയിൻറിങ്ങുകൾ ചെയ്ത അദ്ദേഹം അനവധി രേഖാചിത്രങ്ങളും ശില്പങ്ങളും സെറാമിക്സും കൊളാഷുകളും ചെയ്തിട്ടുണ്ട്. പാബ്ലോ പിക്കാസോ ജോർജ് ബ്രാക്കുമായി ചേർന്ന് ക്യൂബിസം എന്ന് ചിത്രകലാ ശൈലി വികസിപ്പിച്ചു.സ്പാനിഷ് ആഭ്യന്തരയുദ്ധകാലത്ത് നാസിപട്ടാളം ഗൂർണിക്ക എന്ന സ്പാനിഷ് നഗരത്തിൽ നടത്തിയ ബോംബിങ്ങിനോടുള്ള പ്രതിഷേധത്തിൽ നിന്നാണ് 1937ൽ,വലിയതും പിക്കാസോയുടെ ഏറ്റവുംപ്രസിദ്ധമായതുമായ ക്യൂബിസ്റ്റ് പെയിന്റിങ്ങ് ഗൂർണിക്ക ( Guernica) ഉണ്ടാകുന്നത്.
1973- ൽ ഈ മഹാപ്രതിഭ നമ്മെ വിട്ടുപിരിഞ്ഞു.




# മോഡി ഗ്ലാനി

Modi Glliani



**1884 -1920**




modigliani - Jeanne Hébuterne

Modigliani - Portrait of a sitting woman



മോഡി ഗ്ലാനി 1884 ജൂലൈ 12ന് ഇറ്റലിയിലെ ലിവർണോയിൽ ജനിച്ചു .നീളമുള്ള മുഖവും കഴുത്തുമുള്ള ശൈലീവൽക്യതരൂപം ഇദ്ദേഹത്തിന്റെ ചിത്രങ്ങളുടെ പ്രത്യേകത യാണ്. ഇറ്റലിയിൽ ചെലവഴിച്ച കാലത്താണ് കലയുടെ പ്രാചീനവും നവോത്ഥാനപരവുമായ കാര്യങ്ങൾ പരിചയപ്പെടുന്നത്. 1906 പാരീസിൽ എത്തിയ അദ്ദേഹം പാബ്ലോ പിക്കാസോ അടക്കമുള്ള നിരവധി ചിത്രകാരന്മാരുമായി ബന്ധം സ്ഥാപിച്ചു. 1912ൽ നടത്തിയ പ്രദർശനത്തിലെ ശിൽപ്പങ്ങൾ വളരെ ഉന്നത നിലവാരത്തിലുള്ളവ യായിരുന്നു. 1909 മുതൽ 1914 വരെ ശില്പരചനയിൽ മാത്രം കേന്ദ്രികരിച്ച ഇദ്ദേഹത്തിന്റെ ചിത്രങ്ങളിലും ശില്പങ്ങളിലും പ്രധാന വിഷയമായി വന്നിട്ടുള്ളത് പോർട്രൈറ്റുകളും ഫുൾ ഫിഗറുകളുമാണ്. ജീവിച്ചിരിക്കുമ്പോൾ വളരെ ചെറിയ ജനശ്രദ്ധ മാത്രമേ ഇദ്ദേഹ ത്തിന്റെ സൃഷ്ടികൾക്ക് കിട്ടിയിട്ടുള്ളൂ. എന്നാൽ 1920 ജനുവരി 24ന് 35ാമത്തെ വയസ്സിൽ മരണപ്പെട്ടതിനുശേഷം ലോക മാകെ ശ്രദ്ധിക്കപ്പെടുന്ന അവസ്ഥയിലേക്ക് സൃഷ്ടികൾ ഉയർത്തപ്പെട്ടു.

Modigliani - Portrait of Juan Gris



റെഡ്ഹെഡഡ് ഗേൾ ഇൻ ഈവിനിംഗ്ഡ്രസ്സ് (Redheaded Girl in Evening Dress) മാഡം പോംപഡൂർ (Madame Pompadour) യാൻ ഹെയൂട്ടർ ഇൻ റെഡ് ഷാൾ (Janne Hebuternin Red Shawl) എന്നിവ ശ്രദ്ധേയമായ ചിത്രങ്ങളാണ്.

# റെംബ്രാന്റ്



REMBRANDT



Young Girl at a Window - Rembrandt

1606 – 1669



പ്രമുഖ ഡച്ച് ചിത്രകാരൻ. 1606 ജൂലൈ 15 ന് ഹോളണ്ടിലെ ലെയ്ഡണിൽ ജനിച്ചു. പ്രശസ്ത ചിത്രകാരനായ പീറ്റർ ലാസ്റ്റ് മാൻ ആയിരുന്നു ഗുരു. 1942 ൽ രചിച്ച നൈറ്റ് വാച്ച് റെംബ്രാന്റിന്റെ വിഖ്യാത രചനയാണ്.വെളിച്ചത്തിന്റേയും നിഴലിന്റേയും മായികവിന്യാസം നിറഞ്ഞതായിരുന്നു റെംബ്രാണ്ടിന്റെ എല്ലാ രചനകളും.

ദ അനാട്ടമി ലസൻ ഓഫ് ഡോ.നിക്കോളാസ് ടുൽപ്പ് , പോർട്രൈറ്റ് ഓഫ് ജാൻ സിക്സ് എന്നിവ പ്രശസ്തചിത്രങ്ങൾ. തന്റെ തന്നെ അനേകം ഛായാചിത്രങ്ങളും റെംബ്രാന്റ് വരച്ചിട്ടുണ്ട്. 1669 ഒക്ടോബർ 4ന് ആപ്രതിഭ അന്തരിച്ചു.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................

.................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



'brittany landscape'-paul gauguin

## ഒന്നായി കാണുമ്പോൾ

പ്രകൃതിയെ ഒന്നായി കാണുമ്പോൾ ചില രൂപങ്ങൾ നമ്മെ വല്ലാതെആകർഷിക്കാറുണ്ട്. ചിലത് നമ്മെ വല്ലാതെ വിഷമത്തിലാക്കുകയുംചെയ്യും. ഫോട്ടോ എടുക്കുമ്പോഴാകട്ടെ ആ രൂപം അവിടെ ഇല്ലായിരുന്നെങ്കിൽ... ഈ രൂപം ഇവിടുന്ന് മാറിയിരുന്നെങ്കിൽ... ആ ഫ്രെയിം കുറേക്കൂടി നന്നാകുമായിരുന്നെന്ന് നമ്മൾ ചിന്തിക്കാറുണ്ട്.

ചിത്രം വരയ്ക്കുകയാണെങ്കിലോ.. വേണ്ടാത്തതിനെ മാറ്റിനിർത്താനാവുമോ..
ഇല്ലാത്തതിനെ കൂട്ടിച്ചേർക്കാനാവുമോ..





പോൾ സെസാന്റെ വീടിനടുത്തുള്ള 'സെൻറ് മൗണ്ട് വിക്ടോറിയ' എന്ന മലയുടെ ഫോട്ടോയാണ് ഇടതുഭാഗത്തുള്ളത്. കുട്ടിക്കാലത്ത് ജനലിലൂടെ കണ്ടിരുന്ന ഈ ദൃശ്യം പലതവണ അദ്ദേഹം വരച്ചിട്ടുണ്ട്. അതിൽപെട്ട ഒരു പെയിൻറിംഗ് ആണ് വലതുവശത്തുള്ളത് കണ്ട ദൃശ്യത്തിൽ നിന്നു ചിത്രത്തിലേക്ക് വന്നപ്പോഴുള്ള മാറ്റം ശ്രദ്ധിക്കുമല്ലോ. കണ്ടതിനെ അതേപടി പകർത്തുകയല്ല അതിനെ സർഗാത്മകമായി ദൃശ്യ വൽക്കരിക്കുകയാണ് വേണ്ടത്.

പ്രകൃതിദൃശ്യം ഉൾപ്പെടുന്ന നിങ്ങളുടെ ഒരു സെൽഫി ഇവിടെ വരച്ചു നോക്കൂ

## സെൽഫി

മൊബൈൽഫോണിൽ സെൽഫി എടുക്കാത്ത ആരെങ്കിലുമുണ്ടോ?. ഇല്ലാത്തവർ കുറവായിരിക്കും അല്ലേ.. , സെൽഫി എടുക്കുമ്പോൾ ആരുടെ കൂടെ നിന്നാലാണ്..., എവിടെ നിന്നാലാണ് നമ്മൾ ശ്രദ്ധിക്കപ്പെടുക. അവിടേക്ക് നമ്മൾ പോകും. സെൽഫി എടുക്കും. പോസ്റ്റ് ചെയ്യും.

ഈ ചിത്രത്തിൽ നിങ്ങൾക്കിഷ്ടപ്പെട്ട പശ്ചാത്തലമാണല്ലോ തെരഞ്ഞെടുത്തത്. ഇതിലേതെങ്കിലും ഒഴിവാക്കണമെന്നും ഏതെങ്കിലും കൂട്ടിച്ചേർക്കണമെന്നും തോന്നുന്നുണ്ടോ?. ഭംഗിയില്ലാത്ത ഒരു സെൽഫി അപ്‌ലോഡ് ചെയ്യുമോ?.

# കോറി വരച്ചൊരു പ്രകൃതി ദൃശ്യം

ക്ലാസിനു പുറത്തിറങ്ങി നോക്കുമ്പോൾ നിങ്ങൾ എന്തെല്ലാമാണ് കാണുന്നത്?.വിവിധതരം മരങ്ങൾ, കെട്ടിടങ്ങൾ, ജീവികൾ ... ഇവയിൽ നിങ്ങൾക്കിഷ്ടപ്പെട്ടവയെ നന്നായി നിരീക്ഷിക്കൂ, അവയെ വലുപ്പചെറുപ്പത്തിനനുസരിച്ചും വൈവിധ്യങ്ങൾ ഉൾക്കൊണ്ടും വരയ്ക്കൂ.. കണ്ട ഒരു കാഴ്ചയിൽ നിന്നും നിരീക്ഷണത്തിന് വിധേയമാക്കി തെരഞ്ഞെടുത്ത കാഴ്ചകളെയല്ലേ കോറിയിടുക?. ഇങ്ങനെ വരയ്ക്കുമ്പോൾ പ്രതലത്തിൽ ഏതുരൂപത്തെ എവിടെ വരക്കണമെന്ന് കൃത്യമായ ധാരണ നമുക്ക് ഉണ്ടാവണം. അത് നമ്മുടേതു മാത്രമായ ഒരു സെൽഫി കാഴ്ചയാകണം.

പോൾസെസാന്റെ വളരെ പ്രശസ്തമായ ഒരു പ്രകൃതി ദൃശ്യമാണിത്.
ഉരുകിയൊലിക്കുന്ന മഞ്ഞിൻതാഴ്‌വാരം വളരെ മികവോടെ അദ്ദേഹം വരച്ചിരിക്കുന്നു.

ഇതുപോലെ പ്രകൃതിയും കാലാവസ്ഥയും ദൃശ്യവൽക്കരിച്ച നിരവധി ചിത്രങ്ങളുണ്ട്. ടീച്ചറുടെ സഹായത്തോടെ അവ കാണൂ. അതിലെ രൂപങ്ങൾ വിന്യസിച്ച രീതി, വർണ്ണ പ്രയോഗം, രേഖകളുടെ പ്രയോഗം എന്നിവ പഠനവിധേയമാക്കണം.









# എന്റെ പ്രകൃതി


നമ്മുടെ സ്കൂളിനു ചുറ്റുമുള്ള ഒരു പ്രകൃതി ദൃശ്യം ആദ്യം നിരീക്ഷിച്ച് ഉറപ്പിക്കൂ. ഇവയിലെന്തെല്ലാം ഉൾപ്പെടുത്തണം. ഏതെല്ലാം കൂട്ടിച്ചേർക്കണം. എന്ന തീരുമാനം വളരെ പ്രധാനമാണ്. ബ്രഷ് കൊണ്ട് നേരിട്ട് തന്നെ രൂപങ്ങൾ വരയ്ക്കൂ. കണ്ടചിത്രങ്ങളിലെ അനുഭവവും പ്രയോഗിക്കൂ. ഏത്രീ വലുപ്പമുള്ള പേപ്പറിൽ നാലുവശത്തും ഉചിതമായ വലുപ്പത്തിൽ ബോർഡറിട്ട് ചിത്രം വരയ്ക്കൂ. രൂപങ്ങളുടെ നിറം വേണമെങ്കിൽ മാറ്റാം. കാഴ്ചയ്ക്ക് മികച്ചതാകണം ചിത്രം. എല്ലായിടത്തും നിറം നൽകണം.

വരച്ച ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കണം. പ്രദർശിപ്പിച്ച ചിത്രങ്ങൾക്ക് ഓരോന്നിനും സ്കോർ നൽകണം.നിങ്ങളുടെ ചിത്രത്തിനും സ്കോർ നൽകണം. ശേഷം ബൈൻഡ് ചെയ്ത് റഫറൻസായി ലൈബ്രറിയിൽ സൂക്ഷിക്കൂ.



# തുണിക്കഷ്ണങ്ങൾ കൊണ്ടൊരു പ്രകൃതി ദൃശ്യം

വീട്ടിലിരുന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പ്രകൃതി ദൃശ്യം പെൻസിൽ ഉപയോഗിച്ച് എ3 പേപ്പറിൽ നിറം കുറച്ചു വരയ്ക്കൂ. ഇതിൽ നിറത്തിനു പകരം ഭംഗിയുള്ള ഉചിതമായ പാഴ്തുണി കഷ്ണങ്ങൾ ഒട്ടിച്ചുചേർത്ത് പ്രകൃതി ദൃശ്യം പൂർത്തിയാക്കൂ. അടുത്ത ക്ലാസ്സിൽ പ്രദർശിപ്പിക്കണം.






**ഏറ്റവും ഇഷ്ടപ്പെട്ട ഒരു ചിത്രത്തെ പറ്റി ഇവിടെ എഴുതൂ.**





# പോൾ ഗോഗിൻ

Paul Gauguin



ഫ്രാൻസ്


1848 – 1903

1848ൽ പാരീസിൽ ജനിച്ചു. ആധുനിക ചിത്രകലയുടെ പ്രയോക്താക്കളിൽ പ്രമുഖനാണ് ഗോഗിൻ. പ്രാകൃത സ്വഭാവമുള്ള കലാസൃഷ്ടികൾ ഭാവനാപൂർണ്ണമായി ഗോഗിൻ ചിത്രീകരിച്ചു. പോസ്റ്റ്ഇംപ്രഷനിസം എന്ന രചനാരീതിയായിരുന്നു ഗോഗിന്റേത്.ശക്തിയേറിയതും ലളിതവുമായ വരകൾ അതിരിടുന്ന സുവ്യക്തവും തെളിഞ്ഞതുമായ വർണ്ണത്തേപ്പുകളാണ് ഗോഗിൻ ചിത്രങ്ങളുടെ ശക്തിയും സൗന്ദര്യവും. ദ യെല്ലോ ക്രൈസ്റ്റ്, തഹീതിയൻ ലാന്റ്സ്കേപ്പ്, എന്നിവ പ്രസിദ്ധ ചിത്രങ്ങൾ. 1903 ൽ അന്തരിച്ചു.

രാജാരവിവർമ്മയ്ക്ക് ശേഷം കേരളംകണ്ട ഏറ്റവും പ്രതിഭാശാലിയായ ചിത്രകാരനായിരുന്നു കെ.സി.എസ് പണിക്കർ.(K.C.S.Paniker) കോലഴി ചീരമ്പത്തൂർ ശങ്കരപ്പണിക്കർ എന്ന് മുഴുവൻ പേര്. 1911 മെയ് 31 ന് കോയമ്പത്തൂരിൽ ജനനം. ബാല്യകാലം പൊന്നാനിയിലായിരുന്നു. പണിക്കരുടെ ആദ്യകാല രചനകളിൽ പൊന്നാനിയിലെ വഞ്ചികടവുകളും പാലങ്ങളും തെങ്ങിൻതോപ്പുകളും നിറഞ്ഞുനിൽക്കുന്നു.മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ പഠനംനടത്തി.പിൽക്കാലത്ത് അവിടെ പ്രിൻസിപ്പലായി. ജീവിതകാലത്ത്വരച്ച മുഴുവൻ ചിത്രങ്ങളും പണിക്കർ കേരള ഗവൺമെന്റിന് നൽകി. തിരുവനന്തപുരം മ്യൂസിയത്തിലെ കെസിഎസ് പണിക്കർ ഗാലറിയിൽ ഈ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നു.വാക്കുകളും പ്രതീകങ്ങളും, ലുംബിനി എന്നീ ചിത്രപരമ്പരകൾ പ്രസിദ്ധം. മദ്രാസ് സ്കൂൾ ഓഫ്ആർട് എന്ന കലാപ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു പണിക്കർ. ചെന്നൈ ഇഞ്ചമ്പാക്കത്തെ ചോളമണ്ഡലം എന്ന കലാഗ്രാമം പണിക്കർ സ്ഥാപിച്ചതാണ്. എംവി.ദേവൻ, നമ്പൂതിരി, സിഎൻ.കരുണാകരൻ, ടികെ.പത്മിനി തുടങ്ങി നിരവധി ശിഷ്യൻമാർ. 1977 ജനവരി 16 അന്തരിച്ചു.



കെസിഎസ് പണിക്കർ



K.C.S.Paniker

കേരളം

1911 - 1977





# എഡ്വേർഡ് മങ്ക്




EDWARD MUNCH

നോർവേ

1863 – 1944

33

നോർവ്വേയിൽ 1863 ഡിസംബർ 12 ന് എഡ്വേഡ് മുൻഖ് ജനിച്ചു. എക്സ്പ്രഷനിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു ഇദ്ദേഹം. പ്രണയവും ഏകാന്തതയും ഭയവും മരണവും വിഷയമാക്കി മുൻഖ് വരച്ച 'ഫ്രീസ് ഓഫ് ലൈഫ് ' എന്ന ചിത്ര പരമ്പരയിലെ ശ്രദ്ധേയമായ ഒരു രചനയായിരുന്നു ' ദ സ്ക്രീം' (the scream) നിലവിളിക്കുന്ന മനുഷ്യരൂപത്തിന്റെ ദൈന്യതയും നിസ്സഹായതയും കാഴ്ചക്കാരനെ പിടിച്ചുലയ്ക്കും വിധത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. മഡോണ (madonna), ദ സിക് ചൈൽഡ് (the sick child) എന്നിവയും ഇദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകളാണ്. 1944 ജനുവരി 23ന് നോർവേയിലെ ഓസ്ലോയിൽ വെച്ച് എഡ്വേഡ് മുൻഖ് അന്തരിച്ചു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :....................................................................................................................

.......................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



paper reader - yousuf arakkal - oil on canvas

# unit / യൂണിറ്റ് 2 തെരുവിൽ നിന്നും പറന്നുയർന്നവർ

തെരുവോരങ്ങളിൽ ജീവിച്ച് സമൂഹത്തിന്റെ തലപ്പത്തെത്തിയ ഒരുപാട് മഹദ്വ്യക്തികളെ നമുക്കറിയാം.തെരുവുവിളക്കിന്റെ വെളിച്ചത്തിൽപഠിച്ച മരപ്പണിക്കാരന്റെ മകൻ അമേരിക്കയിലെ പ്രസിഡണ്ട് ആയ കഥ നിങ്ങൾ വായിച്ചിട്ടില്ലേ?, അബ്രഹാം ലിങ്കൻ എന്ന പേര് ചരിത്രത്തിൽ സ്വർണലിപികളിൽ എഴുതപ്പെട്ടിരിക്കുന്നു .തെരുവു ജീവിതങ്ങൾക്കായി സ്വയം സമർപ്പിച്ച മദർ തെരേസയും തെരുവുകുട്ടികളെ പുനരധിവസിപ്പിച്ചതിന് നോബൽ സമ്മാനത്തിന് അർഹനായ കൈലാഷ് സത്യാർത്ഥിയും നമ്മുടെ മുന്നിലുണ്ട് . വിഖ്യാത അഭിനേതാവ് ചാർളി ചാപ്ലിന്റെ 'ദ കിഡ് ' എന്ന ചിത്രം തെരുവ് ജീവിതത്തിന്റെ മറ്റൊരു നേർക്കാഴ്ചയാണ്.
നമുക്ക് ആ ചിത്രത്തിലെ കുറച്ചുഭാഗം കണ്ടാലോ?...

ട്രെയിനിലും മറ്റും പാട്ടുപാടി യാചിക്കുന്ന കുഞ്ഞുങ്ങളെ നിങ്ങൾ കണ്ടിട്ടുണ്ടോ?. അവരുടെ ജീവിതത്തെക്കുറിച്ച് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?.മരച്ചോട്ടിൽ വലിച്ചുകെട്ടിയ പ്ലാസ്റ്റിക് കൂടാരത്തിനുള്ളിൽ അവരുടെ ജീവിതം നിരങ്ങി നീങ്ങുകയാണ്.പുറത്തെവിടെയോ മൂന്നു കല്ലുകൾ കൂട്ടി ഉണ്ടാക്കിയ ഒരടുപ്പിൽ അവരുടെ അന്നം തിളയ്ക്കുന്നുണ്ട് . മരക്കൊമ്പിൽ കെട്ടിത്തൂക്കിയ ഒരു സാരിത്തുമ്പിൽ ഒരു കുഞ്ഞുറങ്ങുന്നത് കാണുന്നില്ലേ? എന്തൊക്കെയാണ് തെരുവ് ജീവിതത്തിൻറെ കാഴ്ചകൾ.. ഓർത്തെടുക്കൂ .. പീടികത്തിണ്ണയിലും, തെരുവോരങ്ങളിലും യാതൊരു സുരക്ഷിതത്വവും ഇല്ലാതെ സ്ത്രീകളും കുട്ടികളും കഴിഞ്ഞുപോകുന്നു. ഒരുനേരത്തെ വിശപ്പടക്കാൻ അവർ എത്രമാത്രം കഷ്ടപ്പെടുന്നുണ്ട് ?.തെരുവ് ജീവിതത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ ഒന്നു കുറിച്ചുവെക്കൂ.



amrita sher-gil - village-scene -1938 - details



## ചിത്രമാക്കാം
## തെരുവ്ജീവിതം



etching - somnath hore

ഇനി നമുക്കൊരു തെരുവുകാഴ്ച
വരച്ചാലോ...
ബ്രഷ് കൊണ്ട് കറുത്ത നിറത്തിൽ
എ ഫോർ പേപ്പറിൽ നേരിട്ട്
രേഖകൾ വരയ്ക്കൂ ..
തെറ്റിപ്പോകുമെന്ന പേടിവേണ്ട,
നമുക്കാവശ്യം ഒരാശയം ചിത്രമായി
രൂപപ്പെടുക എന്നത് മാത്രമാണ് .
അത് വീണ്ടും മെച്ചപ്പെടുത്താമല്ലോ!.
തെറ്റിയ രേഖകൾ നിറം
നൽകുമ്പോൾ മാഞ്ഞുപോയി
കൊള്ളും ആത്മവിശ്വാസത്തോടെ
ചിത്രം വരച്ചോളൂ . തെരുവ്
ജീവിതത്തിൻറെ ഒരു
നേർക്കാഴ്ചയാവട്ടെ ആ ചിത്രങ്ങൾ.
അടുത്ത ക്ലാസിൽ വരുമ്പോൾ ചിത്രം
മെച്ചപ്പെടുത്തി നിറം നൽകി വരണേ.
ക്ലാസിൽ അവയുടെ പ്രദർശനവും
നടത്തൂ... ഈ പ്രദർശനത്തിൽ
നിങ്ങൾക്ക് ഇഷ്ടമായ ചിത്രങ്ങൾ
ഏതൊക്കെയാണെന്ന് കുറിച്ചു
വെക്കൂ ..




Chittaprosad Bhattacharya - wood cut

രണ്ടു ചാർട്ട് പേപ്പറുകൾ ഒട്ടിച്ചു ചേർത്ത വലിയ പ്രതലത്തിൽ കൂട്ടുകാർ ഒന്നിച്ചു വരയ്ക്കൂ .. നിങ്ങൾ നിൽക്കുന്ന ഭാഗത്തുനിന്നും ഇഷ്ടാനുസരണം വരച്ചോളൂ തെരുവു ജീവിതം ചിത്രത്തിൽ നിറഞ്ഞു നിൽക്കട്ടെ . കറുപ്പ്നിറം മാത്രമുപയോഗിച്ച് വരയ്ക്കുന്നതാവും നന്നാവുക. ഇനി ഇഷ്ടം പോലെ ആ ചിത്രത്തിൽ നിറം നൽകുകയും ചെയ്യാം . എല്ലാ ഗ്രൂപ്പുകളുടേയും ചിത്രങ്ങൾ ക്ലാസിൽ നന്നായി പ്രദർശിപ്പി ക്കൂ.. ഒരു ഗ്രൂപ്പിന്റെ ചിത്രത്തെ മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തൂ.



'Painful Sights' - Chittaprosad Bhattacharya- wood cut

untitled - oil on canvas - 1957



# സോംനാഥ് ഹോർ

Somnath Hore



1921 2006



flood - drawing - 1957

somnath hore - flood - lithograph

സോംനാഥ് ഹോർ 1921 ൽ ബ്രിട്ടീഷ് ഇന്ത്യയിലെ ചിറ്റഗോങ്ങിൽ ജനിച്ചു. ഇന്ത്യാ വിഭജനത്തിനു ശേഷം അദ്ദേഹം പശ്ചിമ ബംഗാളിലാണ് ജീവിച്ചത്. 2006ൽ തന്റെ 85-ാമത്തെ വയസ്സിൽ അന്തരിക്കും വരെ തന്റെ കലാസപര്യയുമായി അദ്ദേഹം ശാന്തിനികേതനിൽ തന്നെയാണ് ശിഷ്യജീവിതം നയിച്ചത്. ശില്പി, പ്രിന്റ് മേക്കർ എന്നീ നിലകളിലാണ് സോംനാഥ് ഹോർ അറിയപ്പെടുതെങ്കിലും അദ്ദേഹത്തിന്റെ രേഖാ ചിത്രങ്ങൾ ഏറെ പ്രസിദ്ധങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിലെ രണ്ട് ഐതിഹാസിക സംഭവങ്ങളായിരുന്നു 1943-ലെ ബംഗാൾ ക്ഷാമവും, 1946-47 കാലത്തെ 'തേബ് ഹാഗ' എന്ന കർഷകപ്രക്ഷോഭവും. ഈ കാലഘട്ടങ്ങളിൽ സോംനാഥ് ഹോർ ചെയ്ത രേഖാചിത്രങ്ങൾ അവിസ്മരണീയങ്ങളാണ്. മഹാനായകലാകാരനെ ഇന്ത്യ പത്മഭൂഷൺ ബഹുമതി നൽകി ആദരിക്കുകയുണ്ടായി.

bangladesh war - lithograph - 1971



# ചിത്തപ്രസാദ്

Chittaprasad



1915 - 1978

1915 ജൂൺ 21 ന് പശ്ചിമ ബംഗാളിലെ നോർത്ത് 24 പർഗാനാസ് ഡിസ്ട്രിക്റ്റിലെ നൈഹാരി (Naihari) യിൽ ജനിച്ചു. ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്കെതിരെയും ഇന്ത്യൻ ഭൂപ്രമാണികളുടെ ഫ്യൂഡൽ വാഴ്ചയ്ക്കെതിരെയുമുള്ള സമരങ്ങളിൽ സജീവമായി ചിത്തപ്രസാദ് പങ്കെടുത്തു. ബംഗാൾ സ്കൂളിന്റെ ക്ലാസിക് ശൈലിയെയും അതിന്റെ ആത്മീയ സ്വഭാവത്തെയും അദ്ദേഹം സ്വീകരിച്ചു. ഇരുപതാം നൂറ്റാണ്ടിലെ ശക്തനായ രാഷ്ട്രീയ കലാകാരനായാണ് ചിത്തപ്രസാദ് അറിയപ്പെടുന്നത്. എണ്ണച്ചായത്തെ സമരത്തിന്റെ ഭാഗമായി അദ്ദേഹം പൂർണമായും ഒഴിവാക്കി. ജലച്ചായത്തിലും ലിനോകട്ട് വുഡ്കട്ട് പ്രിന്റിംഗിലുമാണ് ചിത്രങ്ങൾ ചെയ്തിരുന്നത്. പശ്ചിമബംഗാളിലെ സാധാരണക്കാരിൽ സാധാരണക്കാരായവരുടെ ദുരിതങ്ങളും ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടങ്ങളും ചെറുത്തുനിൽപ്പു കളുമാണ് ചിത്രങ്ങളുടെ ആശയതലം.
ജീവിതത്തിലൊരിക്കലും അദ്ദേഹം ബ്രാഹ്മണിക്കൽ സർനെയിം ഉയോഗിക്കാതിരിക്കാൻ
ജാഗ്രത കാട്ടിയിരുന്നു. 1978 നവംബർ 13- ന് ചിത്തപ്രസാദ് അന്തരിച്ചു.




lithograph - 1971



## ഹരേൻ ദാസ്
## Haren Das



1921 – 1993

ഹരേന്ദ്ര നാരായൺദാസ് എന്ന ഹരേൻ ദാസ് 1921 ഫെബ്രുവരി 1 ന് ബംഗ്ലാദേശിലെ ദിനാജ്പൂരിൽ ജനിച്ചു. ഏറെ ബഹുമാനിക്കപ്പെടുന്ന ഇന്ത്യൻ ചിത്രകാരൻമാരിൽ ഒരാളാണ് ഹരേൻ ദാസ്. എൻഗ്രേവിങ്, ലിനോ കട്ട്, എച്ചിങ്, ലിത്തോഗ്രാഫ് എന്നീ മാധ്യമങ്ങളിലാണ് ചിത്രങ്ങൾ ചെയ്തിരുന്നത് എങ്കിലും അദ്ദേഹം ഏറെ ശ്രദ്ധേയനായത് വുഡ് കട്ടിലും വുഡ് എൻഗ്രേവിങ്ങിലുമുള്ള ഐന്ദ്രജാലികത കൊണ്ടാണ്. ജപ്പാനീസ് വുഡ് കട്ട് ശൈലിയായ ഉക്കിയോഇ (UKIYO-E) ഇദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. കഠിനമായി ജോലി ചെയ്യുന്ന ഗ്രാമീണരും ഇന്ത്യൻ കർഷകരുമാണ് ഇദ്ദേഹത്തിന്റെ ചിത്രത്തിങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. 1947 ൽ കൽക്കത്തയിലെ ഗവൺമെൻറ് സ്കൂൾ ഓഫ് ആർട്ടിൽ അധ്യാപകനായും, 1951 ൽ ഗവൺമെൻറ് കോളേജ് ഓഫ് ആർട്സ് ആൻഡ് ക്രാഫ്റ്റിൽ ലക്ചററായും ജോലി ചെയ്തു. ഇന്ത്യക്ക് പുറമെ ജപ്പാൻ, ജർമനി, സ്വിറ്റ്സർലാൻഡ്, പോളണ്ട്, അർജന്റീന, ചിലി എന്നിവിടങ്ങളിലും ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 1993 ജനുവരി 31 ന് അന്തരിച്ചു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................................................

..........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# വായിക്കുന്ന പെൺകുട്ടി

## യൂണിറ്റ് 3



സ്കൂളിലെ വള്ളിപ്പടർപ്പിനുള്ളിൽ വായനയിൽ മുഴുകിയിരിക്കുന്ന പെൺകുട്ടിയുടെ ശില്പം ഒട്ടേറെ പ്രത്യേകതകൾ ഉള്ളതായിരുന്നു. മെലിഞ്ഞു നീണ്ടശരീരം, യഥാർത്ഥ മനുഷ്യരുടേതിനേക്കാൾ വലുപ്പത്തിലാണ് ചെയ്തിരിക്കുന്നത്. സിമൻറ് അടുക്കുകൾ അലക്ഷ്യമായി തേച്ചുപിടിപ്പിച്ച പോലെ. എന്തായാലും കാണാൻ നല്ല ചന്തമുണ്ട്. അതിൻറെ നിർമാണത്തിന്റെ വീഡിയോ ടീച്ചർ കാണിച്ചുതന്നപ്പോഴാണ് വലിയ ശില്പങ്ങൾ ചെയ്യാൻ വേണ്ട തയാറെടുപ്പുകൾ ബോധ്യപ്പെട്ടത്.



# തുടങ്ങാം ആർമേച്ചർ നിർമിച്ച്

സ്കെച്ചുകൾ തയാറായില്ലേ. ചെറിയ മരക്കമ്പുകൾ, വള്ളികൾ എന്നിവ ബലത്തിൽ കെട്ടിയുറപ്പിച്ചു ശില്പത്തിന്റെ അസ്ഥികൂടം (ആർമേച്ചർ) തയാറാക്കൂ. മറിഞ്ഞു വീഴാതെ നിൽക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം. ടീച്ചറുടെയും പ്രദേശത്തുള്ള വിദഗ്ധരുടെയും സേവനം ഉപയോഗിക്കാം.

ശില്പ നിർമാണത്തിന്റെ വീഡിയോ കണ്ടല്ലോ. വായനാ ദിനത്തിൽ സ്കൂളിൽ വയ്ക്കാൻ കുറച്ച് ശില്പങ്ങൾ തീർത്താലോ.

**ശില്പം നിർമിക്കാൻ എന്തെല്ലാം വേണം.**

1. ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ശില്പത്തിന്റെ ആകൃതിക്കനുസരിച്ച് അസ്ഥികൂടം നിർമ്മിക്കണം.
2. ..................................................................
3. ..................................................................
4. ..................................................................

തുല്യ അംഗങ്ങളുള്ള മൂന്ന് ഗ്രൂപ്പുകളാവൂ. ചെയ്യാനുദ്ദേശിക്കുന്ന ശിൽപത്തിന്റെ സ്കെച്ചുകൾ ടീച്ചറുടെ സഹായത്തോടെ തയാറാക്കൂ.

ഒരു ദിവസം കൊണ്ട് ശിൽപം തീർക്കാനാവില്ല. ഒഴിവു ദിനങ്ങളും മറ്റും ഉപയോഗപ്പെടുത്തി ശ്രദ്ധയോടെ പൂർത്തിയാക്കൂ.

ശേഖരിക്കാം

ന്യൂസ് പേപ്പർ, കോട്ടൺ, പാഴ്ത്തുണികൾ, ചെറിയ കമ്പികൾ, മരക്കഷണങ്ങൾ, തുരിശ് ചേർത്ത മൈദ പശ






### പേപ്പറിൽ തീർക്കാം..ഭീമൻ ശില്പം

ആർമേച്ചർ കൃത്യമായാൽ പാഴ്ത്തുണികൾ ഇതിനു മുകളിലൂടെ ചുറ്റി ഉറപ്പിക്കൂ. ന്യൂസ് പേപ്പർ ഉചിതമായ വലിപ്പത്തിൽ കീറിയെടുത്ത് പശതേച്ച് ഇതിനുമുകളിൽ ഒട്ടിക്കൂ. എല്ലാ വശത്തും പേപ്പർ ഒട്ടിച്ചു കഴിഞ്ഞാൽ ഉണങ്ങാൻ വെക്കുന്നത് നന്നായിരിക്കും. പേപ്പർ ഉണങ്ങിയപ്പോൾ രൂപത്തിന് ബലം വന്നില്ലേ. ശില്പത്തിന്റെ തലയിൽ പേപ്പർ കഷണങ്ങൾ ചുരുട്ടി മുടിയും കണ്ണും മൂക്കും ചെവിയും എല്ലാം ഒട്ടിച്ചു വെക്കൂ. മറ്റു ഭാഗങ്ങളിൽ ആവശ്യത്തിനനുസരിച്ച് പേപ്പർ കഷണങ്ങൾ പശതേച്ച് ഒട്ടിക്കൂ. ഇനി കൂടുതൽ ഉണങ്ങുന്നതിന് അനുവദിക്കണം. നന്നായി ഉണങ്ങിയാൽ ശില്പ ഭാഗങ്ങൾക്ക് നല്ല ബലം വരും. ഇനി ഉചിതമായ നിറം നൽകി ശില്പത്തെ മനോഹരമാക്കൂ. ശില്പങ്ങൾ പ്രദർശിപ്പിക്കൂ. വിലയിരുത്തൂ.

വലിയ പേപ്പർശില്പം ചെയ്തപ്പോൾ എന്തു തോന്നി...?

ഏറ്റവും ഇഷ്ടമായ ശില്പത്തെപ്പറ്റി ഇവിടെ എഴുതൂ.



pieta

## മൈക്കലാഞ്ചലോ

MICHAELANGELO



ഇറ്റലി

1475 – 1564

ഇറ്റാലിയൻ നവോത്ഥാന കലാ ചരിത്രത്തിലെ അതികായനും ചിത്രകാരനും ശില്പിയും വാസ്തു വിദ്യാ വിദഗ്ധനുമായ മൈക്കലാഞ്ചലോ 1475മാർച്ച് 6ന് ഫ്ളോറൻസിൽ ജനിച്ചു. താൻ കൈവെച്ച മേഖലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലിയായിരുന്നു മൈക്കലാഞ്ചലോ. ചുവർചിത്രരചനയിലും മാർബിൾ ശില്പരചനയിലും മൈക്കലാഞ്ചലോയുടെ സംഭാവന നിസ്തുലമാണ്. റോമിലെ സിസ്റ്റൈൻ ചാപ്പലിന്റെ കമാനാകൃതിയിലുള്ള മേൽത്തട്ടിൽ മൈക്കലാഞ്ചലോ വരച്ച ചിത്രങ്ങൾ വിഖ്യാതമാണ്. ഇതിൽ അന്ത്യവിധി, ആദാമിന്റെ സൃഷ്ടി എന്നീ ചിത്രങ്ങൾ അതി പ്രശസ്തങ്ങളാണ്. മൈക്കലാഞ്ചലോയുടെ മാർബിൾ ശില്പങ്ങളായ പിയത്ത, ഡേവിഡ് എന്നിവ അനശ്വര കലാസൃഷ്ടികളാണ്. 1564 ഫെബ്രുവരി 18 ന് ഈ മഹാപ്രതിഭ ജീവൻ വെടിഞ്ഞു.



## ശങ്കോ ചൗധരി



SANKHO CHAUDHURI

ബീഹാർ

1916 – 2006

1916 ഫെബ്രുവരി 25ന് ബീഹാറിലാണ് ആധുനിക ഇന്ത്യൻ ശില്പകലാരംഗത്തെ ശ്രദ്ധേയനായ ശങ്കോ ചൗധരി ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ശാന്തിനികേതനിലെ കലാഭവനിൽ വിഖ്യാത ശില്പി രാംകിങ്കർ ബെയ്ജിന്റെ കീഴിൽ ശില്പകലയിൽ ഡിപ്ലോമ നേടി. വ്യത്യസ്ഥമായ മാധ്യമങ്ങളുപയോഗിച്ച് വൈവിധ്യമുള്ള നിരവധി ശിൽപങ്ങൾ ശങ്കോ ചൗധരിയുടേതായിട്ടുണ്ട്. 1957ൽ ആകാശവാണിക്ക് വേണ്ടി തീർത്ത മ്യൂസിക് , 1958ൽ ബറോഡ യൂണിവേഴ്സിറ്റിയിൽ ചെയ്ത മ്യൂറൽ, റിയോ ഡി ജനീറോയിലെ മഹാത്മാ ഗാന്ധിയുടെ വെങ്കല ശില്പം എന്നിവ ഇദ്ദേഹത്തിന്റെ പ്രസിദ്ധ രചനകളാണ്. ബറോഡ എം.എസ് യൂണിവേഴ്സിറ്റിയിൽ അധ്യാപകനായും ശില്പകലാ വിഭാഗം തലവനായും പ്രവർത്തിച്ചിട്ടുണ്ട്. പല വിദേശയൂണിവേഴ്സിറ്റികളിലും അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. രാജ്യം 1971ൽ പത്മശ്രീ ബഹുമതി നൽകി ശങ്കോ ചൗധരിയെ ആദരിച്ചു. കേന്ദ്ര ലളിതകലാ അക്കാദമി അവാർഡും ഫെല്ലോഷിപ്പും നേടിയിട്ടുണ്ട്. 2006 ആഗസ്റ്റ് 28ന് ഈ പ്രതിഭാശാലി അന്തരിച്ചു.







സമകാലീന ഇന്ത്യൻ ശില്പകലാരംഗത്തെ വേറിട്ട വ്യക്തിത്വം എന്ന് കലാ നിരൂപകർ വിലയിരുത്തിയ മൃണാളിനി മുഖർജി 1949ൽ ബോംബെയിലാണ് ജനിച്ചത്. പ്രശസ്ത ചിത്രകരന്മാരായ ബിനോദ് ബിഹാരി മുഖർജിയും ലീലാ മുഖർജിയുമാണ് മൃണാളിനിയുടെ മാതാപിതാക്കൾ. ഡെറാഡൂണിലായിരുന്നു ഇവർ പ്രാഥമിക വിദ്യാഭ്യാസം നേടിയത്. അവധിക്കാലം മാതാപിതാക്കളോടൊപ്പം ശാന്തിനികേതനിലണ് ചെലവഴിച്ചത്. ഇത് മൃണാളിനിയിൽ കലാഭിമുഖ്യം വളർത്തി.ബറോഡ എം.എസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഫൈനാർട് ബിരുദം നേടിയ മൃണാളിനി അവിടെ കെ.ജി.സുബ്രഹ്മണ്യത്തിന്റെ കീഴിൽ മ്യൂറൽ പെയിന്റിം ഗിൽ പോസ്റ്റ് ഡിപ്ലോമയും നേടി. തുടർന്ന് ബ്രിട്ടനിലെ വെസ്റ്റ് സറി കോളേജ് ഓഫ് ആർട് ആന്റ് ഡിസൈനിൽ സ്കോളർഷിപ്പോടെ ശില്പരചന അഭ്യസിച്ചു. നിറം നൽകി നെയ്തടുത്ത ചണനാരായിരുന്നു മൃണാളിനി ആദ്യകാലത്ത് ശില്പരചനയ്ക്കുപയോഗിച്ച മുഖ്യ മാധ്യമം. ഏതാണ്ടെല്ലാ മാധ്യമങ്ങളിലും കൈത്തഴക്കത്തോടെ ഇവർ സൃഷ്ടി നടത്തി. 2015 ഫെബ്രുവരി 2ന് ഡൽഹിയിൽ വെച്ച് ഈ കലാപ്രതിഭ അന്തരിച്ചു.

## മൃണാളിനി മുഖർജി



MRINALINI MUKHERJEE

ബംഗാൾ

1949 – 2015



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................

.............................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# സംഗീതം



raja ravi varma_galaxy of musicians - detail




## യൂണിറ്റ് 1

# ഭാവസുന്ദരം ഭാരതീയസംഗീതം

മധ്യവേനലവധിക്കാലത്ത് അച്ഛനുമമ്മയ്ക്കുമൊപ്പം ഡൽഹിയിൽ പോയിവന്ന വിശേഷങ്ങൾ കൂട്ടുകാരുമായി പങ്കുവയ്ക്കുകയാണ് മനു. കഴിഞ്ഞ കലോത്സവത്തിൽ ശാസ്ത്രീയസംഗീത മത്സരത്തിന് അവനായിരുന്നു ഒന്നാം സമ്മാനം.വടക്കേ ഇന്ത്യയിൽ പോയിവന്ന ഗമയിൽ കടിച്ചാൽ പൊട്ടാത്ത എന്തൊക്കെയോ സംഗീത വിശേഷങ്ങൾ അവൻ പറയുന്നുണ്ട്. അവൻ ഇവിടെ പഠിച്ചതരം ശാസ്ത്രീയസംഗീതമല്ലത്രേ ഉത്തരേന്ത്യയിൽ.

ചുപ്കെ ചുപ്കെ രാത്...ദിൻ .
ഗുലാം അലി എന്ന പ്രശസ്ത സംഗീതജ്ഞന്റെ ഗാനമാണ് അവൻ പാടുന്നത്. ഇത് ഗസൽ ആണെന്നാണ് അവന്റെ പക്ഷം. ഇത്തരം മറ്റ് ശാസ്ത്രീയ സംഗീത ശാഖകളെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

## ഭാരതീയ ശാസ്ത്രീയസംഗീതശാഖകൾ രണ്ടുവിധം

**ഹിന്ദുസ്ഥാനി സംഗീതം** **കർണാടക സംഗീതം.**

### ഹിന്ദുസ്ഥാനി സംഗീതം

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിലെ ശാസ്ത്രീയ സംഗീത ശാഖകൾ രണ്ടു പ്രധാന ശാഖകളായി മാറി.വടക്കേ ഇന്ത്യയിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനത്താൽ ഹിന്ദുസ്ഥാനി സംഗീതം രൂപപ്പെട്ടു.

ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി



## അമീർ ഖുസ്രു

പേർഷ്യൻ സംഗീതജ്ഞനായിരുന്ന അമീർ ഖുസ്രു ഹിന്ദുസ്ഥാനി സംഗീതം രൂപപ്പെടുത്തുന്നതിൽ ഏറെ സംഭാവനകൾ നൽകിയ ആളാണ്. 'ഖവ്വാലി' എന്ന സംഗീതരൂപം സൃഷ്ടിച്ചത് ഇദ്ദേഹമാണ്. ഇദ്ദേഹം 'ഹിന്ദുസ്ഥാനി സംഗീതത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നു.

*ഹിന്ദുസ്ഥാനിയിലെ പത്ത് അടിസ്ഥാന രാഗങ്ങൾ 'ഥാട്ടുകൾ' എന്നാണറിയപ്പെടുന്നത്.*

### രാഗം

സ്വര സമൂഹങ്ങളുടെ കൃത്യമായവിന്യാസമാണ് രാഗം. ഓരോ രാഗത്തിനും കൃത്യമായ സ്വരസ്ഥാനങ്ങൾ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഒരു ഗാനത്തെ മറ്റു ഗാനങ്ങളിൽ നിന്നു വേർതിരിച്ചറിയുന്നത് രാഗവ്യത്യാസം മൂലമാണ്.



അമീർ ഖുസ്രു 1253 - 1325

പുരന്ദരദാസർ 1484 - 1564



പുരന്ദരദാസർ ചിത്രകാരന്റെ ഭാവനയിൽ

## കർണാടക സംഗീതം

ദക്ഷിണേന്ത്യയിൽ രൂപംകൊണ്ട സംഗീത ശാഖയാണ് കർണാടക സംഗീതം.

## പുരന്ദരദാസർ

കർണാടക സംഗീതത്തിന്റെ അടിസ്ഥാന പാഠ്യപദ്ധതി രൂപീകരിച്ച സംഗീതജ്ഞനാണ് പുരന്ദരദാസർ. ഇദ്ദേഹത്തെ 'കർണാടക സംഗീതപിതാമഹൻ' എന്നു വിളിക്കുന്നു. നമ്മൾ ആദ്യം പഠിച്ച 'സപ്തസ്വരങ്ങൾ' 'മായാമാളവഗൗള' രാഗത്തിൽ ചിട്ടപ്പെടുത്തിയതും ഇദ്ദേഹം തന്നെ.

കർണാടക സംഗീത ത്രിമൂർത്തികൾ
**ത്യാഗരാജസ്വാമി , മുത്തുസ്വാമിദീക്ഷിതർ, ശ്യാമാശാസ്ത്രികൾ**

പതിനെട്ടാം നൂറ്റാണ്ടിൽ തമിഴ്നാട്ടിൽ ജീവിച്ചിരുന്ന ഇവർ കർണാടകസംഗീതത്തിന് നിസ്സീമമായ സംഭാവനകൾ നൽകിയവരാണ്. അതിനാൽ ഇവർ 'കർണാടകസംഗീത ത്രിമൂർത്തികൾ' എന്നറിയപ്പെടുന്നു.



കർണാടകസംഗീതത്തിൽ അനേകം സൃഷ്ടികൾ രചിച്ച തിരുവിതാംകൂറിലെ സംഗീതജ്ഞനായിരുന്ന മഹാരാജാവിന്റെ ചിത്രമാണ് ഇടതുഭാഗത്ത്. ഇത് ആര് എന്ന് കണ്ടെത്തി എഴുതൂ.

കർണാടകസംഗീതത്തിലെ 72 അടിസ്ഥാന രാഗങ്ങൾ 'മേളകർത്താരാഗങ്ങൾ' എന്നറിയപ്പെടുന്നു.

## സംഗീതരൂപങ്ങൾ

കഴിഞ്ഞ കലോത്സവത്തിൽ മനു പാടിയത് 'തായേ യശോദ' എന്ന കൃതിയാണ്. ഏഴെട്ടു വർഷം അവൻ സംഗീതം പഠിച്ചിട്ടുണ്ടത്രെ. കൃതികൾ അല്ലാതെ വേറെന്തൊക്കെയോ സംഗീത രൂപങ്ങൾ പഠിച്ചിട്ടുണ്ട്. എന്നാൽ ഹിന്ദുസ്ഥാനിയിൽ മറ്റു പല പേരുകളിലാണ് അവ അറിയപ്പെടുന്നത്. ധ്രുപദ്, ഖയാൽ എന്നിങ്ങനെയുള്ള സംഗീത രൂപങ്ങൾ വളരെ ശാസ്ത്രീയമാണെന്നും എന്നാൽ ഭജൻ, ഗസൽ, ഠപ്പാ, തരാന, ഠുമ്രി, മുതലായവ അർദ്ധ-ശാസ്ത്രീയ രീതിയിൽ ഉള്ളതാണെന്നും അവൻ പറയുന്നു.

ഹിന്ദുസ്ഥാനിയിലെയും കർണാടകസംഗീതത്തിലെയും ചില സംഗീത രൂപങ്ങളുടെ പേരുകൾ പരിചയപ്പെടാം. ഇവ ക്ലാസിൽ ചാർട്ട് ആയി പ്രദർശിപ്പിക്കുകയുമാവാം.

| ഹിന്ദുസ്ഥാനി സംഗീതം | കർണാടക സംഗീതം |
|---|---|
| ദ്രുപദ് | സ്വരജതി |
| ഖയാൽ(ഖ്യാൽ) | വർണ്ണം |
| ഭജൻ | കീർത്തനം |
| ഗസൽ | കൃതി |
| ഠപ്പാ | പദം |
| തരാന | ജാവലി |
| ഠുമ്രി | തില്ലാന |

രണ്ടു സംഗീതശാഖകളിലെയും ചില സംഗീത രൂപങ്ങൾ കേട്ടു നോക്കാം. ചർച്ചചെയ്തശേഷം ആലാപനശൈലീ വ്യത്യാസങ്ങൾ താഴെ കുറിക്കൂ.

ഹിന്ദുസ്ഥാനിയിലെ ഏറെ ജനകീയമായ പ്രണയഗാനങ്ങൾ ആണ് ഗസലുകൾ. ഏതെങ്കിലും ഒരു ഗസൽ ഗായകന്റെ പേര് ഓർമ്മയിലുണ്ടെങ്കിൽ ഇവിടെ കുറിക്കൂ.

ശരിയോ തെറ്റോ ?

| | | |
|---|---|---|
| രാഗ ഭാവത്തിനും ശ്രുതിക്കും പ്രാധാന്യം നൽകി വളരെ പതിഞ്ഞ കാലത്തിലാണ് ഹിന്ദുസ്ഥാനിയിലെ ആലാപനശൈലി. | ശരി | തെറ്റ് |
| ഹിന്ദുസ്ഥാനിയിലെ പ്രശസ്ത സംഗീതജ്ഞനായിരുന്നു താൻസൻ. | ശരി | തെറ്റ് |
| കർണ്ണാടകസംഗീതത്തിലെ ഒരു സംഗീത രൂപമാണ് തില്ലാന. | ശരി | തെറ്റ് |

## പ്രഗത്ഭരെ അറിയാം

ചിത്രങ്ങൾ ശ്രദ്ധിച്ച ശേഷം ഇവർ ഗായകരാണോ ഉപകരണസംഗീതവാദകരാണോ എന്നു കണ്ടെത്തുക. ഏതുപകരണമാണ് എന്നുകൂടി എഴുതാൻ ശ്രമിക്കൂ.

### ഹിന്ദുസ്ഥാനി സംഗീതജ്ഞർ


ഭീംസെൻ ജോഷി


ഹരിപ്രസാദ് ചൗരസ്യ


ബിസ്മില്ലാഖാൻ



രവിശങ്കർ


സക്കീർഹുസൈൻ


### കർണ്ണാടകസംഗീതജ്ഞർ


എം എസ് സുബ്ബലക്ഷ്മി


ചെമ്പൈ വൈദ്യനാഥ ഭാഗവതർ


ലാൽഗുഡി ജയരാമൻ


പാലക്കാട് മണി അയ്യർ


എ. അനന്തപത്മനാഭൻ

നമ്മുടെ നാട്ടിലെ വയലിൻ,മൃദംഗം പോലെ ഉത്തരേന്ത്യയിൽ സിത്താർ,തബല പോലുള്ള സംഗീതോപ കരണങ്ങളാണ് കൂടുതലെന്ന് മനു പറയുന്നു. മുൻപുകൊടുത്ത സംഗീതകച്ചേരിയുടെ ചിത്രം നിങ്ങൾ ശ്രദ്ധിച്ചിരുന്നോ?.താഴെക്കൊടുത്തിരിക്കുന്ന സംഗീതഉപകരണങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തൂ.

### പേരുകൾ കണ്ടെത്താം







ഈ ഉപകരണങ്ങളുടെ ശബ്ദങ്ങൾ കേൾക്കാം,പ്രത്യേകതകൾ കുറിക്കാം.

## തുടർപ്രവർത്തനങ്ങൾ

ഭാരതീയ സംഗീതത്തിന്റെ വൈവിധ്യങ്ങൾ എന്ന വിഷയത്തിൽ ഒരു പ്രസന്റേഷൻ ക്ലാസിൽ പ്രദർശിപ്പിക്കാം.
സംഗീത കോളജുകൾ /ചരിത്രമുറങ്ങുന്ന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കാം.



### ചെമ്പൈ വൈദ്യനാഥ ഭാഗവതർ

കർണാടക സംഗീതത്തിൽ പ്രതിഭ തെളിയിച്ച പ്രസിദ്ധനായ സംഗീതജ്ഞനായിരുന്നു ചെമ്പൈ വൈദ്യനാഥ ഭാഗവതർ. 1896 - ൽ പാലക്കാട് ജില്ലയിലെ കോട്ടായിക്കടുത്തുള്ള ചെമ്പൈ എന്ന ഗ്രാമത്തിലാണ് ഇദ്ദേഹം ജനിച്ചത്.1905 - ൽ എട്ടാമത്തെ വയസ്സിൽ ആദ്യത്തെ സംഗീത കച്ചേരി നടത്തി.1951 - ൽ മദ്രാസ് മ്യൂസിക് അക്കാദമിയുടെ സംഗീത കലാനിധി,1974 - ൽ പത്മഭൂഷൺ എന്നീ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.
ഡോ.കെ.ജെ.യേശുദാസ്, ജയവിജയന്മാർ എന്നിവർ അദ്ദേഹത്തിന്റെ പ്രധാന ശിഷ്യൻമാരാണ്. 1974 - ൽ അദ്ദേഹം അന്തരിച്ചു.ഇദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി വർഷംതോറും ഗുരുവായൂരിൽ ചെമ്പൈ സംഗീതോത്സവം

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :......................................................................................................................................

.....................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# യൂണിറ്റ് 2
# വാദ്യമേളം


-Female_musicians_wedding of Aurangzeb

രാമു അച്ഛന്റെ കൂടെ ഉത്സവംകാണാനെത്തിയതാണ്. സ്റ്റേജിൽ എന്തോ പരിപാടി നടക്കുകയാണ്. ഇത് ഗാനമേളയല്ല!. കുറേ സംഗീത ഉപകരണങ്ങളെല്ലാം ഉണ്ടല്ലോ! എല്ലാവരും ഇരുന്നാണ് പരിപാടി അവതരിപ്പിക്കുന്നത്!. പാടുന്നത് മനസ്സിലാവുന്നുമില്ല!. രാമു ആലോചിച്ചു നിൽക്കുമ്പോൾ സ്റ്റേജിൽ നിന്ന് അനൗൺസ്മെന്റ് വന്നു. സംഗീതക്കച്ചേരി ഇവിടെ പൂർണ്ണമാകുന്നു. നിങ്ങൾ സംഗീതക്കച്ചേരി കണ്ടിട്ടുണ്ടോ?.
രാമു വേദിയിൽ കണ്ട സംഗീതക്കച്ചേരിയുടെ ദൃശ്യമാണ് താഴെക്കൊടുത്തിരിക്കുന്നത്. അതിൽ എന്തെല്ലാം സംഗീത ഉപകരണങ്ങളുണ്ട്? കോളത്തിൽ എഴുതൂ.

- മുഖർശംഖ്
- 
- 
- 
- 



ചിത്രത്തിൽ മധ്യത്തിൽ ഇരിക്കുന്ന ഗായകന്റെ ചുറ്റും ഇരിക്കുന്നവരാണ് ഓരോരോ സംഗീതഉപകരണങ്ങൾ വായിക്കുന്നത്. നോക്കൂ. നമുക്ക് ഒരു കച്ചേരിയുടെ വീഡിയോ കാണാം . പാടുന്ന ആൾക്ക് തൊട്ടു പിറകിലായി അർദ്ധഗോളാകൃതിയിൽ ഒരു കുടവും അതിൽ നിന്ന് മുകളിലേക്ക് നീണ്ടുനിൽക്കുന്ന ദണ്ഡിൽ വലിച്ചുകെട്ടിയ നാല് കമ്പികകളും ചേർന്ന ഉപകരണം കണ്ടില്ലേ? അതാണ് തംബുരു.



ഇതൊരു തന്ത്രിവാദ്യമാണെന്ന് താഴ്ന്ന ക്ലാസിൽ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ?. ഗായകന് തന്റെ ശബ്ദം അനുയോജ്യമായ രീതിയിൽ പാട്ടിന്റെ തുടക്കം മുതൽ അവസാനം വരെ നിയന്ത്രിച്ചു കൊണ്ടുപോകുവാൻ സഹായിക്കുന്നത് തംബുരുവിന്റെ നാദമാണ്. ഇതൊരു ശ്രുതി വാദ്യമാണ്. ഇതുപോലെ കമ്പികൾ വലിച്ചുകെട്ടി അതിൽനിന്നും നാദം കേൾക്കുന്ന മറ്റു സംഗീത ഉപകരണങ്ങൾ എന്തെല്ലാമാണ്?. കോളത്തിൽ എഴുതൂ.

| | |
|---|---|
| • തംബുരു | • |
| • | • |

## ശ്രുതി വാദ്യങ്ങൾ

പാടുന്ന ആളുടെ ഇടതുവശത്ത് ഇരുന്ന് വായിക്കുന്ന ഉപകരണം നിങ്ങൾ ശ്രദ്ധിച്ചുവല്ലോ.ഇതാണ് വയലിൻ. ഇതൊരു സംഗീതവാദ്യമാണ്. തന്ത്രി വാദ്യവിഭാഗത്തിൽ വരുന്ന പാശ്ചാത്യ സംഗീതോപകരണമാണ്. എന്നിരുന്നാലും ദക്ഷിണേന്ത്യൻ സംഗീതക്കച്ചേരികളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഇത്.



വയലിൻ

### പ്രശസ്തരായ വയലിൻ വാദകർ



ടി.എൻ.കൃഷ്ണൻ



കുന്നക്കുടി വൈദ്യനാഥൻ



എം.എസ്. ഗോപാലകൃഷ്ണൻ

പാടുന്ന ആളിന്റെ വലതുവശത്തായി വയലിന് അഭിമുഖമായിരുന്നുവായിക്കുന്നതാണ് മൃദംഗം. ഇത് തുകൽ വാദ്യ വിഭാഗത്തിൽപ്പെടുന്ന ഒരു താളവാദ്യമാണ്. ഇതൊരു പ്രധാന പക്കവാദ്യം കൂടിയാണ്. ഗായകന്റെ പാട്ടിന്റെ വേഗത നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.



മൃദംഗം

ഇതിന്റെ ഘടനാപരമായ സവിശേഷത നിങ്ങൾ കണ്ടല്ലോ. ഈ വിഭാഗത്തിൽ വരുന്ന മറ്റുചില സംഗീത ഉപകരണങ്ങൾ നിങ്ങൾ കണ്ടിട്ടില്ലേ?. അവയുടെ പേരുകൾ താഴെ കുറിച്ച് നോക്കൂ.

തുകൽവാദ്യങ്ങൾ മിക്കതും താളവാദ്യങ്ങളാണ്

- തബല
-
-
-
-
-

## മൃദംഗവിദ്വാൻമാർ



മാവേലിക്കര വേലുക്കുട്ടി നായർ



പാലക്കാട് മണി അയ്യർ



പാലക്കാട് രഘു

മൃദംഗം വായിക്കുന്നതിനോട് ചേർന്നിരുന്നു വായിക്കുന്ന സംഗീതോപകരണമാണ് ഘടം. ഇതൊരു താളവാദ്യമാണ്. പ്രധാന പക്കവാദ്യങ്ങളായ മൃദംഗവും വയലിനും കഴിഞ്ഞാൽ അടുത്തുവരുന്ന വാദ്യമാണ് ഘടം. ഇത് ഉപപക്ക വാദ്യം എന്ന് അറിയപ്പെടുന്നു. കളിമൺകൂട്ടുകൊണ്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.



ഘടം

സംഗീതക്കച്ചേരികളിൽ പാട്ടിന് അകമ്പടിയാകുന്ന വാദ്യങ്ങളെ പക്ക വാദ്യങ്ങൾ എന്നു പറയുന്നു.

പ്രധാന താളവാദ്യങ്ങൾക്ക് പിന്തുണ നൽകുന്ന വാദ്യങ്ങളാണ് ഉപപക്കവാദ്യങ്ങൾ.

ഇതുപോലെതന്നെ കച്ചേരികളിൽ കണ്ടുവരുന്ന മററു രണ്ട് ഉപപക്കവാദ്യങ്ങളാണ് ഗഞ്ചിറയും മുഖർശംഖും. കച്ചേരിയുടെ അവ സാനഭാഗത്ത് വരുന്ന തനിയാവർത്തനത്തിന്റെ വീഡിയോ ഒന്ന് കാണൂ.

വീഡിയോ കണ്ടില്ലേ?.എന്ത് തോന്നുന്നു?.ഇവിടെ എഴുതൂ.

കച്ചേരിയുടെ അവസാനഭാഗത്ത് കൃതി പാടിയതിന് ശേഷം താളവാദ്യങ്ങൾക്ക് അവരുടെ മികവു പ്രകടിപ്പിക്കാൻ വേണ്ടി വായിക്കുന്നതാണ് തനിയാവർത്തനം. ഇത് സൃഷ്ടിക്കുന്ന താളലയം അവർണനീയമാണ്.

പക്കവാദ്യങ്ങളോടൊപ്പമുള്ള ആലാപനം ഗായകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുകയും ആസ്വാദ്യകരമായ ആലാപനത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ കുറെ പക്കവാദ്യങ്ങളെ പരിചയപ്പെട്ടില്ലേ? ഇവയിലേതെങ്കിലുമൊന്നിന്റെ ഘടനയും പ്രവർത്തനരീതിയും വിവരിക്കൂ.ഇൻററനെറ്റിന്റേയും അനുബന്ധ ഗ്രന്ഥങ്ങളുടേയും സഹായം തേടുമല്ലോ.



## പാലക്കാട് മണിഅയ്യർ

കർണാടകസംഗീതലോകത്തെ മൃദംഗവിദ്വാൻമാരിൽ പ്രമുഖനായിരുന്നു പാലക്കാട് മണിഅയ്യർ. 'മൃദംഗചക്രവർത്തി' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. 1912ൽ പാലക്കാട് ജില്ലയിലെ കൽപ്പാത്തിയിലാണ് അദ്ദേഹം ജനിച്ചത്. തഞ്ചാവൂർ വൈദ്യനാഥ അയ്യർ ആയിരുന്നു മൃദംഗത്തിൽ അദ്ദേഹത്തിന്റെ ഗുരു.ചെമ്പൈ വൈദ്യനാഥ ഭാഗവതർ, മഹാരാജപുരം വിശ്വനാഥഅയ്യർ, മുസിരി സുബ്രഹ്മണ്യഅയ്യർ തുടങ്ങി നിരവധി മഹാഗായകർക്കൊപ്പം മൃദംഗത്തിൽ അകമ്പടി വായിച്ചിട്ടുണ്ട്. സംഗീതകലാനിധി, പത്മഭൂഷൺ തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1981ൽ ഇദ്ദേഹം അന്തരിച്ചു.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :......................................................................................................................................

...........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



German composer Ludwig Van Beethoven (1770 - 1827) with the Rasowmowsky Quartet, drawn

# യൂണിറ്റ് 3
# പാടി രസിക്കാം പിന്നണിയോടൊപ്പം

ടീച്ചർ ക്ലാസിൽ എത്തിയപ്പോൾ പിന്നിൽ വലിയ ചർച്ച നടക്കുന്നു. ഹരി ഇന്നലെ കെഎസ്.ചിത്രയുടെ ഗാനമേള കേൾക്കാൻ പോയത്രെ. കേട്ടപാട്ടുകളെയും അവൻ കണ്ട വാദ്യോപകരണങ്ങളെയും കുറിച്ചായിരുന്നു സംസാരം. നിങ്ങളും ഇതുപോലെ ധാരാളം ഗാനമേളകൾ പലയിടത്തും കണ്ടിട്ടുണ്ടാകുമല്ലോ?. സ്റ്റേജിൽ പാട്ടുകാർ മാത്രമാണോ ഉള്ളത്?. ഹരിയെ പോലെ നിങ്ങൾക്കും ഉണ്ടാവില്ലേ പറയാൻ?.

പറയാനുള്ളത് ഇവിടെ എഴുതൂ.വാദ്യോപകരണങ്ങളെ കുറിച്ച് എഴുതാൻ മറക്കരുത്.

വാദ്യങ്ങളിൽ ചിലത് താളത്തിനു വേണ്ടി ഉപയോഗിക്കുന്നവയാണ്. ഇവ താളവാദ്യങ്ങൾ എന്നറിയപ്പെടുന്നു.ഉദാ: തബല

നമുക്ക് ഒരു ഗാനമേളയുടെ വീഡിയോ കാണാം. ഓരോ ഉപകരണത്തിന്റെയും ശബ്ദം ശ്രദ്ധിക്കുക.. ശബ്ദവ്യത്യാസം തിരിച്ചറിയുന്നുണ്ടോ?.



jass paintings- ann delorge

ഇതുപോലുള്ള മറ്റുവാദ്യങ്ങൾ കണ്ടെത്തി എഴുതൂ.

- 
- 
- 
- 
- 
- 

ചില വാദ്യങ്ങൾ പാട്ടിൻറെ ഈണം പിന്തുടരുവാൻ സാധിക്കുന്നവയാണ്. ഇവ സംഗീത വാദ്യങ്ങൾ എന്നറിയപ്പെടുന്നു. ഉദാ: ഓടക്കുഴൽ.



## ഡ്രംസ്

കൊട്ടുവാനുള്ള പല വാദ്യങ്ങൾ ഒരുമിച്ച് കൂട്ടിച്ചേർത്തിരിക്കുന്ന ഒരു വാദ്യമാണ് ഡ്രംസ്.ഇതൊരു പാശ്ചാത്യ സംഗീത ഉപകരണമാണ്.

ഒരു ഓടക്കുഴൽ വാദനം കേട്ടാലോ.
ഇതുപോലുള്ള മറ്റു വാദ്യങ്ങൾ കണ്ടെത്തി എഴുതൂ.

- 
- 
- 
- 
- 
- 

ഈ വാദ്യങ്ങൾക്ക് പുറമേ മറ്റെന്തെല്ലാം ഉപകരണങ്ങൾ ഗാനമേളയ്ക്ക് ഉപയോഗിക്കുന്നതായി നിങ്ങൾക്കറിയാം?.

ഇവിടെ കുറിക്കുക.

- 
- 
- 
- 
- 
- 

## റിഥം പാഡ്



പല വാദ്യങ്ങൾക്കും പകരം ഉപയോഗിച്ചുവരുന്ന ഒരു ഇലക്ട്രോണിക് ഉപകരണമാണ് റിഥംപാഡ് അഥവാ ഡ്രംപാഡ്.

ഇവയുടെയെല്ലാം ശബ്ദം ഒന്ന് കേട്ട് നോക്കാം.




ശ്രുതി ഉപകരണങ്ങളുടെ സഹായത്തോടെ ശ്രുതി ചേർത്തുള്ള ആലാപനം സാധ്യമാകുമെന്ന് അറിവുള്ള താണല്ലോ.നാമിപ്പോൾ പരിചയപ്പെട്ട ഒട്ടുമിക്കവാദ്യങ്ങളും ഗാനമേളയ്ക്ക് കാണാം.എന്നാൽ റോഡരികിൽ നിന്ന് ചിലർ മൈക്കിലൂടെ പാടുന്നത് കാണാറില്ലേ?. റെക്കോർഡിൽ കേൾക്കുന്നതുപോലെ തന്നെയുണ്ടാവും.പക്ഷേ പശ്ചാത്തലസംഗീത ഉപകരണങ്ങളൊന്നും കാണാനുമുണ്ടാവില്ല. അവയുടെ ശബ്ദം കേൾക്കുന്നുമുണ്ട് ! പശ്ചാത്തല സംഗീതത്തോടൊപ്പം എങ്ങനെയാവും അവർ പാടുന്നത്!

പാട്ടില്ലാതെ പശ്ചാത്തലസംഗീതം മാത്രം മുൻകൂട്ടി റെക്കോർഡ് ചെയ്യപ്പെട്ട സംവിധാനമാണ് കരോക്കെ.

സ്മ്യൂൾ മുതലായ മൊബൈൽ ആപ്ലിക്കേഷനിലൂടെ പാടുന്നത് കേൾക്കാറില്ലേ?.അതുപോലെ നിങ്ങൾക്കും പാടാൻ സാധിക്കും. യൂട്യൂബിൽ പാട്ടുകളുടെ കരോക്കെ ലഭ്യമാണ്. വരികളും സമയവും അറിഞ്ഞു പാടുവാൻ യൂട്യൂബിന്റെ സഹായം തേടാം. കരോക്കെയോടൊപ്പം പാടുവാൻ വളരെയേറെ പരിശീലനം ആവശ്യമാണ്. കരോക്കെയോടൊപ്പം ഒരു പാട്ട്പാടി നോക്കിയാലോ... അതിനായി നിങ്ങൾക്ക് ഇഷ്ടമുള്ള ഒരുപാട്ട് തെരഞ്ഞെടുത്ത് ആ പാട്ടിന്റെ യഥാർഥ റെക്കോർഡ് കേൾക്കാം.പശ്ചാത്തലസംഗീതവും ശ്രദ്ധിക്കണം.പാട്ടിന്റെ ഈണം കൃത്യമായി ശ്രദ്ധിച്ച് കേൾക്കുമല്ലോ. ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും ഓരോ കുട്ടികളെ പാടുവാനായി തിരഞ്ഞെടുക്കുമല്ലോ. കേൾക്കുന്ന പാട്ടിന്റെ റെക്കോർഡിനൊപ്പം ഒന്നുരണ്ടുതവണ പാടി നോക്കാം.മറ്റുള്ളവർ ശ്രദ്ധിച്ചിരിക്കണം. ഇനി പാട്ടില്ലാതെ അതിന്റെ കരോക്കെ മാത്രം കേൾക്കാം. ശേഷം ഒപ്പം പാടുവാൻ ശ്രമിക്കൂ.

ഓരോ ഗ്രൂപ്പിലേയും മററ് കുട്ടികളും ഇതുപോലെ പാടി നോക്കണേ. ഉപകരണങ്ങളുടെ ശ്രുതിയും താളവും അനുസരിച്ചുതന്നെ പാട്ടു പാടേണ്ടതുണ്ട്. ഒരുവാക്കോ അക്ഷരമോ തെറ്റുകയോ, വേഗതയിൽ ചെറിയ മാറ്റം സംഭവിക്കുകയോ ചെയ്താൽ പാട്ടിന്റെ കൃത്യത ഉടനീളം നഷ്ടമാകും. പാട്ടിനു മുൻപും ഓരോ ഭാഗങ്ങൾക്കിടയിലും ഉപകരണ സംഗീതത്തിന് മാത്രമായി അവസരമുണ്ട്. ഈ കാര്യങ്ങൾ മനസ്സിലാക്കി വീണ്ടും പരിശീലിക്കുമല്ലോ.മെച്ചപ്പെടുത്തേണ്ടത് എന്തെന്ന് സ്വയം വിലയിരുത്തുക.ഓരോ ഗ്രൂപ്പിലെയും പ്രകടനങ്ങൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തേണ്ടതുണ്ട്. അഭിപ്രായങ്ങൾ ചർച്ച ചെയ്യുക.നേരിട്ട പ്രശ്നങ്ങൾ ബോക്സിൽ കുറിക്കാൻ മറക്കരുതേ.



സ്കൂളിലെ മറ്റ് ആഘോഷങ്ങൾക്ക് കരോക്കെ സഹായത്തോടെ പാട്ടുപാടാൻ ശ്രമിക്കുമല്ലോ. കരോക്കെയോടൊപ്പം പാടുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാമാണെന്ന് നിങ്ങൾ കണ്ടെത്തി ചുവടെയുള്ള കളത്തിൽ എഴുതിച്ചേർക്കൂ.

## കെ എസ് നാരായണസ്വാമി



കേരളത്തിലെ വൈണികരിൽ വളരെ പ്രശസ്തനാണ് കെ.എസ്.നാരായണസ്വാമി. 1914 ൽ പാലക്കാട് ജില്ലയിലെ കൊടുവായൂർ എന്ന പ്രദേശത്താണ് അദ്ദേഹം ജനിച്ചത്. അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും വീണ അഭ്യസിച്ച ഇദ്ദേഹം, അണ്ണാമല യൂണിവേഴ്സിറ്റിയിൽ തന്നെ ലക്ചററായും തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീതകോളേജിൽ വീണവിഭാഗം അധ്യാപകനായും, പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. പ്രശസ്ത പാശ്ചാത്യ സംഗീതജ്ഞൻ യഹൂദി മെനൂഹിന്റെ ക്ഷണപ്രകാരം ലണ്ടനിൽ വെച്ച് നടന്ന 'ബാത്' അന്താരാഷ്ട്ര സംഗീതോത്സവത്തിൽ അദ്ദേഹം പങ്കെടുത്തു. 1968ൽ ദേശീയ സംഗീത നാടക അക്കാദമി അവാർഡും 1977ൽ പത്മഭൂഷണും ലഭിച്ചു. 1999ൽ ഇദ്ദേഹം അന്തരിച്ചു.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :.....................................................................................................................................

.........................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# നൃത്തം



the dancing lesson -thomas eakins- detail



Mohiniyattam  Malavika Santhosh



## യൂണിറ്റ്
# രസാഭിനയം

സ്കൂളിൽ കലോത്സവം നടക്കുകയാണ്
കലോത്സവത്തോടനുബന്ധിച്ച് നാല് ദിവസങ്ങളിലായി വിവിധ പരിപാടികൾ വിവിധ വേദികളിലായി അരങ്ങേറുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, ഓട്ടൻതുള്ളൽ തുടങ്ങിയ നൃത്തയിനങ്ങളിൽ
മോഹിനിയാട്ടമത്സരം കഴിഞ്ഞു.ബിന്ദു നന്നായി കളിച്ചു.പക്ഷെ ഒന്നാംസമ്മാനം ദീപയ്ക്കായിരുന്നു.
എന്തുകൊണ്ടാണ് നന്നായി കളിച്ചിട്ടും ബിന്ദുവിന് സമ്മാനം കിട്ടാതിരുന്നത്? അപ്പുവിന് സംശയം...
അപ്പു അമ്മയുടെ
അടുത്തേക്കോടിച്ചെന്ന് കാര്യം തിരക്കി. അപ്പൂ...ദീപയുടെ മുഖത്ത് വിരിഞ്ഞ ഭാവങ്ങൾ നീ ശ്രദ്ധിച്ചോ?എന്താണമ്മേ അതിന്റെ പ്രത്യേകത ? അമ്മ അപ്പുവിന് ബിന്ദുവിന്റെ നൃത്തത്തിന്റെ പ്രത്യേകതയെക്കുറിച്ചും, മുഖാഭിനയത്തെക്കുറിച്ചും പറഞ്ഞു കൊടുത്തു.
അമ്മ അപ്പുവിന് പറഞ്ഞുകൊടുത്ത മുഖഭാവങ്ങൾ (നവരസങ്ങൾ) ഏതൊക്കെയാണെന്ന് കണ്ടെത്തി ഇവിടെ എഴുതൂ.

## ഹാസ്യം



കടപ്പാട്.Mudra Cultural Society , Singapore.

താഴെക്കൊടുത്തിരിക്കുന്ന സന്ദർഭങ്ങൾ മനസ്സിലാക്കി രസങ്ങൾ അഭിനയിച്ച് നോക്കൂ.

യുദ്ധത്തിൽ വിജയിച്ച ധീരജവാന്റെ ഭാവം.
ഉഗ്രവിഷമുള്ള പാമ്പിനെ സമീപത്ത് കാണുമ്പോഴുള്ള ഭാവം.
അപ്രതീക്ഷിതമായി ലോട്ടറി അടിച്ച ഒരു വ്യക്തിയുടെ ഭാവം.

.......................................................................
.......................................................................
.......................................................................

## കരുണം

അഭിനയസാധ്യതകൾ വരുന്ന സാഹചര്യങ്ങൾ ചുവടെ കൊടുക്കുന്നു.
ഗ്രൂപ്പായിതിരിഞ്ഞ് അവതരിപ്പിക്കൂ.

പൂ പറിക്കുന്നത്, മണക്കുന്നത്.
തല്ലാൻ വടിയുമായി നിൽക്കുന്ന ഒരുവന്റെ ഭാവം.
പ്രാർത്ഥനയോടെ ഇരിക്കുന്ന ഒരുവന്റെ ഭാവം.
മാലിന്യ കൂമ്പാരത്തിൽ നിന്ന് ദുർഗന്ധം വമിക്കുത് അനുഭവിക്കുന്ന ഭാവം.
ഇടഞ്ഞ ആനയുടെ മുന്നിൽ നിൽക്കുന്ന ഭാവം.
സിംഹരാജന്റെ ഭാവം.
നീ എന്റെറയടുത്ത് വലിയ വീമ്പ് പറഞ്ഞു പോയതല്ലേ? ഇപ്പോൾ എന്തായി?.



കടപ്പാട്.Mudra Cultural Society , Singapore.

ഏറ്റവും മികച്ച അവതരണം ആരുടെയെല്ലാമായിരുന്നു?.വിലയിരുത്തി കുറിപ്പു തയ്യാറാക്കൂ

അഭിനയം - ശരീരാവയവങ്ങളുടെ ചലനങ്ങൾ കൊണ്ട് ആശയങ്ങളെ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്ന പ്രകടന സമ്പ്രദായമാണ് നാട്യാഭിനയം. ഭരതമുനിയാണ് നാട്യശാസ്ത്രത്തിലൂടെ നവരസങ്ങൾ ആദ്യമായി അവതരിപ്പിച്ചത്.



## കലാമണ്ഡലം സത്യഭാമ

1937ൽ പാലക്കാട് ഷൊർണൂരിൽ ജനിച്ചു. 1954 ൽ കേരള കലാമണ്ഡലത്തിൽ ചേർന്ന് പഠിച്ചു. തോട്ടശ്ശേരി ചിന്നമ്മു അമ്മയിൽ നിന്ന് നൃത്തയിനങ്ങൾ പഠിച്ചു. മോഹിനിയാട്ടം, ഭരതനാട്യം എന്നിവയ്ക്കുപരി കഥകളിയും അവർ സ്വായത്തമാക്കിയിരുന്നു.
ചണ്ഡാല ഭിക്ഷുകി,കണ്ണകി തുടങ്ങിയ നൃത്ത നാടകങ്ങൾ ചിട്ടപ്പെടുത്തി.1991 ൽ കലാമണ്ഡലം വൈസ് പ്രിൻസിപ്പലും,92 - ൽ പ്രിൻസിപ്പലും ആയി ചുമതലയേൽക്കുകയും 1993ൽ വിരമിക്കുകയും ചെയ്തു. പത്മശ്രീ,2005 - ൽ കേരള സർക്കാറിന്റെ ആദ്യത്തെ നൃത്തനാട്യ പുരസ്കാരം, മോഹിനിയാട്ടത്തിൽ കേന്ദ്രസംഗീത നാടകഅക്കാദമിയുടെ അവാർഡ്, കേരള സംഗീത നാടകഅക്കാദമിയുടെ അവാർഡ്.ഷഡ്ക്കാല ഗോവിന്ദമാരാർ പുരസ്കാരം എന്നിവലഭിച്ചു. 2015ൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് നിര്യാതയായി.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..................................................................................................................................

..........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# നാടകം



Pieter Bruegel the elder- children's games

## യൂണിറ്റ് 1

# അറിയാം ആവിഷ്കരിക്കാം അഭിനയിക്കാം

എന്താണ് നാടകമെന്ന സാമാന്യധാരണ ഇപ്പോൾ നിങ്ങൾക്കുണ്ട്.നടിക്കുന്നതാണ്നാടകം എന്നാകാം ഉത്തരം.ഈ നടനമാണ് അഭിനയം.നാടകത്തിന്റെ ദർശനം പ്രേക്ഷകനിലേക്ക് എത്തുന്നത് അഭിനയത്തിലൂടെയാണ്. ഇത് സാധ്യമാക്കുന്നത് അഭിനേതാക്കളാണ്.ഒരാൾ അഭിനയിക്കുമ്പോൾ മറ്റൊരാളുടെ വികാരവിചാരങ്ങൾ പ്രേക്ഷകർക്ക് പകർന്നുകൊടുക്കുകയാണ് ചെയ്യുന്നത്.കഥാപാത്രങ്ങളുടെ ഉള്ളിൽ എന്തു നടക്കുന്നുവെന്നും,നടന്നതും നടക്കാനുള്ളതുമായ സംഭവങ്ങൾ എന്താണെന്നും,സംഭാഷണത്തിലൂടെ വെളിവാക്കപ്പെടുന്നു. ശരീരവും ശബ്ദവും മനസ്സുംവേണ്ടതുപോലെ വഴക്കിഎടുക്കുന്ന ഒരാൾക്ക് മാത്രമേ നല്ലഅഭിനേതാവാകാൻ സാധ്യമാകൂ.



**നാട്യശാസ്ത്രപ്രകാരം രസാനുഭൂതി ആണ് ആത്യന്തികമായി നാടകത്തിന്റെ ലക്ഷ്യം. വികാരവിരേചനത്തിലൂടെ ലഭ്യമായ ആഹ്ലാദമാണ്  നാടകീയാനുഭൂതി എന്ന്അരിസ്റ്റോട്ടിൽരേഖപ്പെടുത്തുന്നു.**

ഒറ്റക്കും കൂട്ടായും (സംഘ നാടകം) നാടകാവതരണം നടത്താം. ആംഗികം വാചികം സാത്വികം ആഹാര്യം എന്നീ ചതുർവിധാഭിനയം ഉപയോഗിച്ചാണ് നാടകം അവതരിപ്പിക്കുന്നത്. ശരീരാവയവങ്ങളെ കൊണ്ട് ആശയവിനിമയം നടത്തുന്നതാണ് ആംഗികം.വാക്കുകൾകൊണ്ടുള്ള അഭിനയമാണ് വാചികം.വിയർപ്പ്, രോമാഞ്ചം,വിറ,ഒച്ചയിടർച്ച,കണ്ണീര് എന്നിവ സാത്വികഭാവ പ്രകടനങ്ങളാണ്. ഉള്ളിലുണ്ടാവുന്ന  ഭാവങ്ങൾ ശബ്ദ ചലനങ്ങളിലൂടെ പ്രകടമാക്കുന്നതാണ് ഈ ഭാവം.

*സ്വന്തം രൂപത്തെ മറച്ച് അന്യ വേഷത്തെ അനുകരിക്കാൻ വേഷമാറ്റം കൊണ്ടും മറ്റും കൃത്രിമമായി സ്വീകരിക്കപ്പെടുന്നതാണ് ആഹാര്യം.*

മേൽ വിവരിച്ച ചതുർവിധാഭിനയ സാധ്യതയുപയോഗിച്ച് ചില സന്ദർഭങ്ങൾ അവതരിപ്പിക്കുക.ചുവടെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങൾ അവതരണത്തിനുപയോഗിക്കാവുന്നതാണ്.

1 . ജോലികഴിഞ്ഞ് വീട്ടിലേക്ക് പോകുന്ന സ്ത്രീ വഴിമധ്യേ ഒരു വിഷപ്പാമ്പിനെ കാണുന്നു. (പരിസരത്ത്  വേറെ ആളുകളും ഉണ്ടാകാം).
2 . വഴിയിലൂടെ നടന്നു പോകുമ്പോൾ  ഒരു മണിപ്പേഴ്സ് കിടക്കുന്നത് കണ്ടാൽ. (പരിസരത്ത് വേറെ ആളുകളും ഉണ്ടാകാം).
3 . ഭിക്ഷ യാചിക്കുന്ന വയോധികൻ.
4 . ചീട്ടുകളി പിടികൂടുന്ന പോലീസുകാർ.

നാല്ഗ്രൂപ്പുകളായി തിരിഞ്ഞു വേണം അവതരിപ്പിക്കുവാൻ. ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകാർ നിരീക്ഷിക്കുകയും, വിലയിരുത്തുകയും വേണം. ഓരോ ഗ്രൂപ്പിനും വിഷയങ്ങൾ നറുക്കിട്ടു നൽകണം. മുന്നൊരുക്കത്തിന് പത്ത് മിനിട്ടും അവതരണത്തിന് അഞ്ച് മിനിട്ടുംഉപപയോഗപ്പെടുത്താം.



മികച്ച അവതരണം ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിലയിരുത്തി ഇവിടെ എഴുതൂ.



അനുകരണത്തിനപ്പുറം തികച്ചും നൂതനമായ ഒരു സർഗപ്രക്രിയ ആണ് അഭിനയമെന്ന് ആദ്യ പ്രവർത്തനത്തിലൂടെ മനസ്സിലായല്ലോ. ഇനി നമുക്കൊരു  നാടകം അവതരിപ്പിക്കാം.മൂന്നു ഗ്രൂപ്പുകളായി തിരിയണം.എല്ലാവരും കഥാപാത്രം ആകണമെന്നില്ല. നാടകത്തിന് സംവിധായകൻ സംഗീത സംവിധായകൻ രംഗസജ്ജീകരണം നടത്തുന്നവർ അഭിനേതാക്കൾ എല്ലാവരും വേണം. ആദ്യമായി കഥ രൂപപ്പെടുത്താം. കൂട്ടുകാരിലൊരാൾ,  എടാ നീ പന്ത്രണ്ടു വയസ്സുള്ള ഗോപനാണ്. ഗോപനുമായി ബന്ധപ്പെട്ട ആരെയൊക്കെ കഥാപാത്രങ്ങളാകാം? ഓരോരുത്തരും വിവിധ കഥാപാത്രങ്ങളെ പറയുന്നു.ഗോപന് പതിനാറു വയസ്സുള്ള ഒരു സഹോദരിയുണ്ട്. അവന് അച്ഛനില്ല, അമ്മ കൂലി വേലയ്ക്ക്  പോകുന്നു, ഗോപന് ഏറെ ഇഷ്ടപ്പെടുന്ന ടീച്ചർഉണ്ട് കൂട്ടുകാരുമുണ്ട്, സുഖമില്ലാത്ത മുത്തശ്ശിയുണ്ട്. കുടുംബവുമായി നല്ല സ്നേഹബന്ധമുള്ള അയൽപക്കക്കാരുമുണ്ട്. ഇങ്ങനെ വിഭിന്നമായ അഭിപ്രായങ്ങൾ...
ഒടുവിൽ ലീഡർ ഇടപെടുന്നു.



ഇപ്പോൾ എല്ലാ കഥാപാത്രങ്ങളുമായി. കഥയ്ക്ക് വിഷയം വേണ്ടേ?.
(പ്രകൃതി നശീകരണം, ദാരിദ്ര്യം, ലഹരി വർജ്ജനം ഇതിൽ ഏതെങ്കിലും ഒരു വിഷയത്തെ സ്കിറ്റായി രൂപപ്പെടുത്തി കഥാപാത്രങ്ങളെ ഉൾപ്പെടുത്താം).
ഗ്രൂപ്പ് സ്വന്തമായി തയാറാക്കിയ കഥയോ
മറ്റാരുടെയെങ്കിലും കഥയോ അവതരിപ്പിക്കാൻ തെരഞ്ഞെടുക്കാം. അവതരണത്തിന് സമയം പത്ത് മിനിറ്റ്.
എല്ലാവരും കഥാപാത്രം ആകണമെന്നില്ല.
ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും വേണം.കഥാതന്തു, അഭിനയം,സംവിധാനം, അവതരണം ഇവയെ ആസ്പദമാക്കി വേണം വിലയിരുത്തൽ.
അവതരണ ശേഷം ഓരോ ഗ്രൂപ്പിലെയും ഒരാൾ നിരീക്ഷണവിലയിരുത്തൽ നടത്തുന്നു.
സ്കോർ നൽകുന്നു.

# എൻ. എൻ .പിള്ള



പ്രശസ്ത നാടകകൃത്ത് എൻ. എൻ. പിള്ള 1918 ൽ വൈക്കത്ത് ജനനം. ചെറുപ്പത്തിൽ മലയയിലേക്കു പോയ പിള്ള കുറേക്കാലം ഐ എൻ എ യിൽ പ്രവർത്തിച്ചു.നാട്ടിൽ തിരിച്ചെത്തിയ ശേഷം സാഹിത്യ പ്രവർത്തനങ്ങളിൽ മുഴുകി. കാപാലിക, വൈൻ ഗ്ലാസ്, ക്രോസ്സ്ബെൽട്, ഈശ്വരൻ അറസ്റ്റിൽ എന്നിവയാണ് പ്രധാന നാടകങ്ങൾ. അദ്ദേഹത്തിന്റെ നാടകങ്ങൾ അനീതിക്കെതിരെ ശക്തമായി പ്രതികരിക്കുന്നവയായിരുന്നു. ഞാൻ എന്ന ആത്മകഥ രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡും, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. 1995 ൽ നിര്യാതനായി.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................................

.....................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*











Reference :

1) **Education through Art** - Herbert Read
2) **Art the Basis of Education** - Deviprasad
3) **The Art of Teaching Art to Children** - Nancy beal
4) **Arts with Brain in Mind** - Eric Jenson
5) **Emphasis Art** - Frank Wachowaik & Rober D. Clements
6) **Art is Fundamental** - Eleen S. Prince
7) **Children and their Art** - Ai Hurwitz & Michael Day
8) **Approaches to Art in Education** - Laura H. Campman
9) **Art Education, Concepts Epistemacy and Role** - Janardan Prasad
10) **Pedagogical Sketchbook** - Paul Klee
11) **ചിത്രങ്ങളുടെ കഥ** - ഡോ.കെ.ടി.രാമവർമ്മ
12) **ചിത്രകല നൂറ്റാണ്ടുകളിലൂടെ** - ഡോ.കെ.ടി.രാമവർമ്മ
13) **ചിത്രകല പ്രസ്ഥാനങ്ങളിലൂടെ** - ഡോ.കെ.ടി.രാമവർമ്മ
14) **ഭാരതീയ കലാചരിത്രം** - വിജയകുമാർ മേനോൻ
15) **ചിത്ര ശില്പകല ആധുനികാന്തരം വരെ** - കാട്ടൂർ നാരായണ പിള്ള








State Council of Educational
Research and Training (SCERT)
Vidyabhavan Poojappura, Thiruvananthapuram
Kerala-695012.Website www.scert.kerala.gov.in
e-mail:scertkerala@gmail.com